
# പ്രദീപ്തി

കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം

ജനുവരി
2012



# പിതാക്കന്മാരുടെ
# ഓർമ്മപ്പെരുന്നാൾ



പ. ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ
കാതോലിക്ക ബാവ
(48 -ാം ഓർമ്മ)
(ജനുവരി 3)

**(ദേവലോകം അരമനയിൽ)**



പ. ബസേലിയോസ് മാർത്തോമ്മ മാത്യൂസ്
ദ്വിതീയൻ കാതോലിക്ക ബാവ
(5-ാം ഓർമ്മ)
(ജനുവരി 26)

**(ശാസ്താംകോട്ട ഹോറേബ് ആശ്രമം)**

# പ്രദീപ്തി

കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം





മാർ പക്കോമിയോസ് മൗണ്ട്, മീമ്പാറ
പുത്തൻകുരിശ് – 682 308
pradeepthi2002@gmail.com



- വാല്യം : 13
- ലക്കം : 1
- ജനുവരി 2012


## ദളങ്ങളിൽ





**2** പത്രാധിപക്കുറിപ്പ്
**ആരാണ് ഉത്തരവാദി ?**

**3** ഇടയസന്ദേശം
**സന്യാസ പ്രസ്ഥാനത്തിന് ഒരാമുഖം – 3**
ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത

**6** ആരാധനാ വിജ്ഞാനീയം
**സുറിയാനി ആരാധനാ പാരമ്പര്യത്തിൽ വെളിവാകുന്ന സഭയുടെ ഏകത**
ഡോ. യൂഹാനോൻ മാർ ദിയസ്ക്കോറോസ് മെത്രാപ്പോലീത്ത

**11** പിതാക്കന്മാർ
**ആരാണ് സഭാ പിതാക്കന്മാർ**
ഫാ. ഡോ. കെ.എം. ജോർജ്ജ്

**12** പഠനം
**1653 ലെ കൂനൻ കുരിശുസത്യം മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഭാഗത്തുനിന്നുള്ള പ്രതിപതനങ്ങൾ – 3**
ഫാ. ഡോ. റ്റി. ഐ. വർഗീസ്

**15** **പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് നിശ്ചയങ്ങൾ 1976 – 1983**

**18** കവിത
**ശ്രുതിയും താളവും**
ഡോ. ജെ.കെ.എസ്.വീട്ടൂർ

**19** ആനുകാലികം
**രാഷ്ട്രീയ രംഗത്ത് സഭയുടെ ഭാഗഭാഗിത്വം – 3**
വെരി. റവ. പി.യു.കുര്യാക്കോസ് കോറെപ്പിസ്കോപ്പ

**20** വാർത്തകൾ



### പത്രാധിപസമിതി

അദ്ധ്യക്ഷൻ
**അഭി. ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത**

ഉപ അദ്ധ്യക്ഷൻ
**റവ. ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്**

പ്രധാന പത്രാധിപർ
**റവ. ഫാ. ജോസ് തോമസ് പൂവത്തുങ്കൽ**

നിർവ്വാഹക പത്രാധിപർ
**റവ. ഫാ. റ്റി.പി. കുര്യൻ തളിയച്ചിറ**

ഉപ പത്രാധിപർ
**റവ. ഫാ. വർഗീസ് പി. വർഗീസ്**
**റവ. ഫാ. ജിനോ വർഗീസ് വർഗീസ്**

പ്രസാധകൻ
**റവ. ഫാ. ഡോ. ഒ.പി. വർഗീസ്**

പ്രചാരകൻ
**റവ. ഫാ. അബ്രാഹാം കെ. ജോൺ**

കാര്യദർശി
**ശ്രീ. ജിത്തു മാത്യു, ഐക്കരക്കുന്നത്ത്**

### ഉപദേശകസമിതി

**വെരി. റവ. ഫാ. പി.യു. കുര്യാക്കോസ് കോർ എപ്പിസ്കോപ്പ**
**റവ. ഫാ. ഡോ. റ്റി.ജെ. ജോഷ്വ**
**റവ. ഫാ. ഡോ. കെ.എം. ജോർജ്ജ്**
**റവ. ഫാ. ഡോ. ജേക്കബ് കുര്യൻ**
**റവ. ഫാ. ഡോ. പി.റ്റി. ഏലിയാസ്**
**റവ. ഫാ. സി.എം. കുര്യാക്കോസ്**
**റവ. ഫാ. അബ്രാഹാം പാലപ്പിള്ളിൽ**
**റവ. ഫാ. ജേക്കബ് കുര്യൻ ചെമ്മനം**
**റവ. ഫാ. ജോൺ വർഗീസ്**
**ശ്രീ. ചെമ്മനം ചാക്കോ**
**ശ്രീ. വർഗീസ് കരിപ്പാട്**



| | |
|---|---|
| ഒറ്റപ്രതി | – 10 രൂപ |
| വാർഷിക | – 100 രൂപ |
| 10 വർഷം | – 1000 രൂപ |



# ആരാണ് ഉത്തരവാദി ?

"സാക്ഷ്യമില്ലാത്ത ഒരു സമൂഹത്തെ നയിക്കുന്നതിൽ എനിക്ക് വിഷമമുണ്ട്'' യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയുടെ ശ്രേഷ്ഠ കാതോലിക്ക തോമസ് പ്രഥമൻ ഇക്കഴിഞ്ഞ മെത്രാൻ വാഴ്ചയോട നുബന്ധിച്ച് നടന്ന ചടങ്ങിൽ നടത്തിയ പ്രസ്താവനയാണിത്. താൻ നയിക്കുന്ന സമൂഹത്തിന്റെ ജീർണതയേയും, ധാർമികാധ:പതനത്തേയും, സക്ഷ്യമില്ലായ്മയേയും വെളിപ്പെടുത്തിയ ഈ പരസ്യകുമ്പസാരം സമീപകാലത്ത് നടന്ന അതിക്രമങ്ങളുടെ കാരണക്കാരെയും അതിന്റെ പിന്നിലെ സത്യാവസ്ഥയേയും വെളിപ്പെടുത്തുന്നതാണ്. കൂടാതെ ഏതാനും മാസങ്ങൾക്കുമുൻപ് നടന്ന ദൃശ്യമാദ്ധ്യമ സംവാദത്തിൽ യാക്കോബായ സഭ സുന്നഹദോസ് സെക്രട്ടറി നടത്തിയ പ്രസ്താവനയും ഇതിനെ ശരിവയ്ക്കുന്നതായിരുന്നു. ആദ്ദേഹം പറഞ്ഞത്, "ഇവരോട് (തന്റെ ജനങ്ങളോട്) സുവിശേഷം പറഞ്ഞിട്ടൊന്നും കാര്യമില്ല."

ഇപ്രകാരം സാക്ഷ്യമില്ലാത്തതും, സുവിശേഷത്തിന് വിലനൽകാത്തതുമായ സമൂഹവുമായി ഇവരെ ആക്കിതീർത്ത താരാണ്? അന്ധമായ ഓർത്തഡോക്സ് സഭാവിരോധവും, അധികാരത്തോടും, സമ്പത്തിനോടുമുള്ള ഒടുങ്ങാത്ത അഭിനിവേശവുമല്ലേ ഇതിലേക്ക് നയിച്ചത്? കുപ്രസിദ്ധനായ ഗീബൽസിനേപ്പോലും പിന്നിലാക്കുന്ന നുണകളാൽ വിശ്വാസികളുടെ മനസ്സ് വിഷലിപ്തമാക്കി, അവരെ ആക്രമണോത്സുകരാക്കി വിടുന്നതിന്റെ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞ് നിൽക്കുവാൻ ഈ നേതൃത്വത്തിന് കഴിയുമോ? സാക്ഷ്യമുണ്ടെങ്കിലല്ലേ സാക്ഷ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തിയെടുക്കുവാൻ കഴിയുകയുള്ളൂ. നിരവധി ക്രിമിനൽ കേസുകളിൽ പ്രതിയും, നിയമ ലംഘനങ്ങളിൽ മുൻപനും, കൊലപാതക കേസിൽ സംശയിക്കപ്പെടുകയും അന്വേഷണ ഉദ്യോഗസ്ഥന്മാരാൽ നിരവധി തവണ ചോദ്യം ചെയ്യലിനു വിധേയമാവുകയും ചെയ്തിട്ടുള്ള ഒരാൾക്ക് എങ്ങിനെ സാക്ഷ്യം നൽകാനാവും? അതിന് ജനത്തെ പഴിച്ചിട്ടെന്തു കാര്യം?

കഴിഞ്ഞ മാർച്ചുമാസത്തിൽ കോതമംഗലത്ത് അരമനയിൽ ചെന്ന അമേരിക്കയിൽ നിന്നുള്ള ഡെലിഗേറ്റുകളോട് ഈ സഭാ തലവൻ പറഞ്ഞതായി ഒരു വാചകം അതിലുണ്ടായിരുന്ന ഒരാൾ ഹൃദയവേദനയോടെ എഴിതിയിരുന്നത് അടുത്തയിടെ വായിക്കാനിടയായി, "ഇവിടെ വന്നാൽ എന്റെ പിള്ളേരെ നേരിടേണ്ടിവരും, അവരെ നിയന്ത്രിക്കാൻ എനിക്കു തന്നെ കഴിഞ്ഞെന്നു വരികയില്ല." ഈ പിള്ളേരല്ലേ എല്ലായിടത്തും അക്രമങ്ങൾ അഴിച്ചുവിടുന്നതും പോലീസ് ഉദ്യോഗസ്ഥരേയും, സഭാ വിശ്വാസികളേയും, വൈദികരെയും, മേൽപ്പട്ടക്കാരെയും ക്രൂരമായി ഉപദ്രവിക്കുന്നതും? കോലഞ്ചേരി, മാമ്മലശ്ശേരി, മണ്ണത്തൂർ, നെച്ചൂർ, കുറിഞ്ഞി, ഓണക്കൂർ, കണ്യാട്ട്നിരപ്പ് തുടങ്ങിയ ദേവാലയങ്ങളിലെ അതിക്രമത്തിന് പിന്നിൽ പ്രവർത്തിക്കുന്നതാരാണെന്നു തിരിച്ചറിയുവാൻ ഇതിൽക്കൂടുതൽ തെളിവെന്തിന്? കണ്യാട്ടു നിരപ്പേൽ ഒരു പോലീസ് ഓഫീസറെ പുറകിൽ നിന്ന് അടിക്കുന്നത് നാമെല്ലാവരും ദൃശ്യമാധ്യമങ്ങളിലൂടെ കണ്ടതാണ് തുടർന്ന് ഈ സഭാ തലവന്റെ പ്രസ്താവനയും. "കാല് വഴുതി വീണതാണ്."

സ്വന്തം സ്ഥാനം ഉറപ്പിക്കുന്നതിനും, അമിതമായി സ്വത്ത് സമ്പാദിക്കുന്നതിനുമായി എന്തും പറയാനും, എന്തും പ്രവർത്തിക്കാനും മടിയില്ലാത്ത സമൂഹമായി അധ:പതിച്ച ഇവർ കേരളത്തിലെ ജനജീവിതം തന്നെ ദു:സ്സഹമാക്കിതീർത്തിരിക്കുകയാണ്. അധികാര സ്ഥാനങ്ങൾ നിലനിർത്തുന്നതിനായി ഇവയൊന്നും കണ്ടില്ലെന്നു നടിക്കുകയും രഹസ്യമായി ഒത്താശകൾ ചെയ്തു കൊടുക്കുകയും ചെയ്യുന്ന ഭരണകർത്താക്കളും നാടിനെ നശിപ്പിക്കുകയാണ്. ഈ ദുര്യവസ്ഥയിൽ നിന്ന് എന്നാണൊരു മോചനം?

പൂവത്തുങ്കലച്ചൻ

# സന്യാസ പ്രസ്ഥാനത്തിന് ഒരാമുഖം-3

ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത

**(e) ഈജിപ്തിലെ സന്യാസ പ്രസ്ഥാനം**

**(1) തീബ്സിലെ വി. അന്തോണിയോസ് (C 251-356)**

യുവാവായിരുന്ന അന്തോണിയോസ് എ.ഡി. 269 ൽ തന്റെ സമ്പാദ്യങ്ങളെല്ലാം ഉപേക്ഷിച്ച് ഒരു സന്യാസ ജീവിതം തുടങ്ങി എ.ഡി. 285 ൽ മരുഭൂമിയിൽ ഏകാന്ത ജീവിതം തുടങ്ങി. സ്വയശിക്ഷണത്തിലും പ്രാർത്ഥനയിലും ശക്തിപ്രാപിച്ച് എ.ഡി. 305 ൽ നാട്ടിൽ തിരിച്ചു വന്നു ശിഷ്യരെ സംഘടിപ്പിച്ച് ഏകാന്തവാസ സന്യാസ പ്രസ്ഥാനത്തിന് ആരംഭമിട്ടു. എ.ഡി. 310 ൽ മരുഭൂമിയിലേക്ക് തിരിച്ചു പോയി ഏകാന്ത ജീവിതത്തിൽ കാലം കഴിച്ചു. അദ്ദേഹത്തിന്റെ വിശുദ്ധ ജീവിത ചരിത്രം അലക്സാന്ത്ര്യായിലെ അത്താനാസ്യോസ് വിരചിച്ചു. പൗരസ്ത്യരേക്കാൾ പാശ്ചാത്യസഭയിൽ സന്യാസത്തിന്റെ ഉത്തേജനം വി. അന്തോണിയോസിൽ നിന്നും കൂടുതലുണ്ടായി.

**(2) തിബ്സിലെ വി. പൗലൂസ് (C 340)**

നൂറുവർഷത്തിലധികം മരുഭൂമിയിലെ ഒരു ഗുഹയിൽ പ്രാർത്ഥനയിലും ഉപവാസത്തിലും ധ്യാനത്തിലും കഴിച്ചുകൂട്ടിയ ഇദ്ദേഹത്തെ വി. അന്തോണിയോസു തന്നെയാണു കബറടക്കിയത്. വി.ജറോം എഴുതിയ ഇദ്ദേഹത്തിന്റെ ജീവചരിത്രത്തിൽ ഏകാന്തവാസികളായ ക്രിസ്തീയ സന്യാസികളിൽ പ്രഥമൻ ഇദ്ദേഹമാണെന്നും, ഇദ്ദേഹത്തിന്റെ 113-ാം വയസ്സിൽ വി.അത്താനാസിയോസ് ഇദ്ദേഹത്തെ സന്ദർശിച്ചുവെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ദേഷിയൻ (Decian) ചക്രവർത്തിയുടെ പീഡനത്തെ ഭയന്നാണ് ഗുഹയിലേക്ക് മാറിത്താമസിച്ചത്.

**(3) പല്ലാഡിയസ് (C 365-425)**

ആദിമ സന്യാസ പ്രസ്ഥാനത്തിന്റെ ചരിത്രകാരനായ ഇദ്ദേഹം ഈജിപ്തിലും പലസ്തീനിലും ഉള്ള സന്യാസാശ്രമങ്ങളിൽ വളരെക്കാലം ചെലവഴിച്ചു. തെയോഡോഷിയസ് രണ്ടാമൻ ചക്രവർത്തിയുടെ ഭരണകാര്യസ്ഥനായിരുന്ന ലൗസിയൂസിനു സമർപ്പിച്ച തന്റെ പ്രസിദ്ധ ചരിത്ര ഗ്രന്ഥത്തിൽ ( Lausiac History) മരുഭൂമിയിലെ താപസന്മാരുടെ ചരിത്രവും മഹത്തായ ഉത്ബോധനങ്ങളും ഉൾക്കൊള്ളുന്നു. സന്യാസിമാരെ ദൈവസ്നേഹിതർ എന്നാണ് അദ്ദേഹം വിളിക്കുന്നത് (Philotheol).

**(4) പക്കോമിയോസ് (C 290-346)**

ഇദ്ദേഹമാണു ക്രിസ്തീയ സമൂഹ സന്യാസ ജീവിത ശൈലിയുടെ ജനയിതാവ്. പാലെയ്മോൻ (Palaemon) എന്ന ഏകാന്തതാപസന്റെ ശിഷ്യനായി മൂന്നു വർഷത്തെ അഭ്യസനത്തിനു ശേഷം നൈൽ നദിയുടെ വടക്കു തീരത്തു താബെന്നീസി എന്ന സ്ഥലത്ത് ഒരു ആശ്രമം എ.ഡി. 320ൽ സ്ഥാപിച്ചു. അദ്ദേഹത്തിന്റെ വിശുദ്ധ ജീവിതത്തിൽ ആകൃഷ്ടരായ അനേകം സ്ത്രീ പുരുഷന്മാർ ആശ്രമത്തിൽ ചേർന്നു. പുരുഷന്മാർക്കു ഒമ്പതു ആശ്രമങ്ങളും സ്ത്രീകൾക്കു രണ്ടു മഠങ്ങളും അദ്ദേഹം സ്ഥാപിച്ചു.

**(5) ഈജിപ്തിലെ വലിയ മക്കാറിയോസ് (C 300-390)**

മുപ്പതാമത്തെ വയസ്സിൽ സീറ്റെ (Seete) എന്ന സ്ഥലത്തുള്ള സന്യാസികളുടെ ഒരു കോളനിയിൽ ചേർന്ന ഇദ്ദേഹത്തിന്റെ വിശുദ്ധ ജീവിതവും അത്ഭുത പ്രവർത്തനങ്ങളും ക്ഷണത്തിൽ ഈജിപ്തിൽ പ്രസിദ്ധമായി. ഇദ്ദേഹത്തിന്റെ പേരിൽ വളരെയധികം കൃതികൾ ഉണ്ടായി. റൂഫിനസിന്റെയും (Ruffinus) പല്ലാഡിയസിന്റെയും ചരിത്രത്തിൽ നിന്നും ഇദ്ദേഹത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ നമുക്കു ലഭിക്കുന്നു.

**(6) അലക്സാന്ത്രിയായിലെ വി.മക്കാറിയോസ് (4-ാം നൂറ്റാണ്ട്)**

ഈജിപ്തിലെ ഒരു ഏകാന്ത സന്യാസി ആയിരുന്നു ഇദ്ദേഹം. നാല്പതാമത്തെ വയസ്സിൽ വി. അന്തോണിയോസിനോടൊപ്പം വസിച്ചു. വളരെ അത്ഭുതങ്ങൾ നിർവഹിച്ചിട്ടുള്ള ഇദ്ദേഹം സ്ഥാപിച്ചിട്ടുള്ള സന്യാസാശ്രമം ഇന്നും ഈജിപ്തിൽ പുഷ്ടി പ്രാപിച്ചുകൊണ്ടിരിക്കുന്നു.

**(7) അലക്സാന്ത്രിയായിലെ ക്ളീമീസ് (C 150-215)**

മനുഷ്യന്റെ ആത്യന്തിക ലക്ഷ്യം വികാര വിചാരങ്ങളിന്മേലുള്ള സ്വാതന്ത്ര്യമാണെന്നും ഈ അവസ്ഥയിൽ എല്ലാവർക്കും ചെന്നെത്തുവാൻ ക്ഷിപ്രസാദ്ധ്യമല്ലെങ്കിലും ലോകബന്ധത്തിൽ നിന്നു സ്വാതന്ത്ര്യം പ്രാപിക്കുന്ന ഒരുവന് അതു സാദ്ധ്യമാണെന്നും സമർത്ഥിച്ചു. ഭാരത തത്വദർശനങ്ങളോടു വളരെ സാമ്യമുള്ളതാണ് അദ്ദേഹത്തിന്റെ ഈ പ്രമേയം.

**(f) സുറിയാനി സഭയിലെ സന്യാസ പ്രസ്ഥാനം**

ഈജിപ്തിലെതിനേക്കാൾ പുരാതനമാണു സുറിയാനി സഭയിലെ സന്യാസ പ്രസ്ഥാനം. പൗരസ്ത്യ ദേശത്തിന്റെ സാമൂഹ്യവും മതപരവും സാംസ്കാരികവുമായ മണ്ഡലങ്ങളിൽ വളരെയേറെ സ്വാധീനം ചെലുത്തുവാൻ ഇതിനു കഴിഞ്ഞു. മാത്രമല്ല അർമ്മേനിയക്കാർ, അറബിഭാഷക്കാർ, അബിസ്സീനിയക്കാർ (എത്യോപ്യ) എന്നീ സമീപവാസികളുടെ ഇടയിലും സിറിയൻ സന്യാസ പ്രസ്ഥാനം കാര്യമായ പരിവർത്തനങ്ങൾ വരുത്തി. ഭാരത ക്രിസ്ത്യാനികളുടെ ജീവിത ശൈലിയിൽ സിറിയൻ സന്യാസ പ്രസ്ഥാനത്തിനുണ്ടായ സ്വാധീനം പ്രത്യേകം എടുത്തു പറയേണ്ടതില്ലല്ലോ. ചൈനയിൽ ഏഴാം നൂറ്റാണ്ടിൽത്തന്നെ ക്രിസ്തുമതം ഉടലെടുക്കുവാൻ സിറിയൻ സന്യാസിമാരാണു കാരണക്കാർ.

പലസ്തീനിലെ അരാമ്യ ഭാഷ സംസാരിച്ച ക്രിസ്തീയ സമൂഹങ്ങൾ പൗരസ്ത്യ ദേശങ്ങളിലേക്കു കുടിയേറിപ്പാർത്തതിന്റെ ഫലമായി ക്രിസ്തീയ സഭ അവിടെ ഉത്ഭവിച്ചു. പൗരസ്ത്യ സുറിയാനി ദേശമെന്നു പിൽക്കാലത്ത് അറിയപ്പെട്ട ഇവിടത്തെ ആദിമക്രിസ്തീയ സഭയുടെ ജീവിത സവിശേഷതകൾ സമകാലീന ഗ്രീക്കു പ്രദേശങ്ങളിലെ ക്രിസ്തീയ സഭയുടേതിൽ നിന്നു വ്യത്യസ്തമായിരുന്നു. സന്യാസം അതിന്റെ കളിത്തൊട്ടിലായിരുന്നു. ക്രിസ്തീയ വിശ്വാസികളെ ഉടമ്പടിക്കാർ (ബ്നായ്ക്യോമോ, ബ്നോസ്ക്യോമോ) എന്നു വിളിച്ചിരുന്നതു സർവ്വവും ത്യജിച്ചു ക്രിസ്തുവിനുവേണ്ടി തിന്മയോടുള്ള പോരാട്ടത്തിനു പ്രതിജ്ഞ എടുത്തവർ എന്ന അർത്ഥത്തിലായിരുന്നു. സ്വന്തമായി സമ്പാദ്യമില്ലാത്തവരും ശരീരത്തിന്റെ കരുതലില്ലാത്തവരും, മോഹങ്ങളുടെ മേൽ അധീശത്വം സ്ഥാപിച്ചവരും സമൂഹ ജീവിത ബോധ്യം ഉള്ളവരും ആയിരിക്കണമെന്ന പുതിയ നിയമ ക്രിസ്ത്യാനികളുടെ ജീവിതശൈലി പ്രാവർത്തികമാക്കുവാൻ ഇവർ ശ്രമിച്ചു. യൂഫ്രട്ടീസ്, ടൈഗ്രീസ് നദികളുടെ തീരപ്രദേശങ്ങളിലേക്ക് ഇതു വ്യാപിച്ചതോടെ സുറിയാനി ക്രിസ്തീയ സഭയിൽ സന്യാസം എന്നതു വേർതിരിച്ചറിയുവാൻ പാടില്ലാത്ത വിധം അതിന്റെ ഊടും പാവുമായി മാറിക്കഴിഞ്ഞിരുന്നു.

**(1) ആദിമ പ്രാണേതാക്കൾ**

എൻട്രാറ്റിറ്റസ് (Eneratites) എന്ന ക്രിസ്തീയ ജ്ഞാനവാദസംഘത്തിന്റെ സ്ഥാപകനായിരുന്ന അസ്സീറിയ ദേശക്കാരൻ റ്റാറ്റിയാൻ (സി. 160 എ. ഡി.) ക്രിസ്തുവിന്റെ ജീവചരിത്രം നാലു സുവിശേഷങ്ങളിൽ നിന്നുമായി കോർത്തിണക്കിയെടുത്തു ഡിയാറ്റെസ്സാറോൺ (Diatessaron) വഴി ക്രിസ്തീയ വിശ്വാസം യാഥാർത്ഥീകരണത്തിലെത്തുന്നതു കർശന സന്യാസത്തിലൂടെ മാത്രമേ സാദ്ധ്യമാകുകയുള്ളൂ എന്ന ആശയം രക്ഷാ ദൂതിനോടൊപ്പം തൊടുത്തുവിട്ടു (സുറിയാനി ഡിയാറ്റെസ്സാറോൺ പൗരസ്ത്യസുറിയാനി സഭയിൽ പെഷീത്താ എന്ന സുറിയാനി പരിഭാഷ പ്രചാരത്തിൽ വരുന്ന കാലം വരെയും (സി. 450) ഔദ്യോഗിക വേദപുസ്തകമായിരുന്നു.) മർക്കിയാൻ, വാലന്റിനിയസ് തുടങ്ങിയ സമകാലീന ജ്ഞാനവാദക്കാരും സമാനമായ ക്രിസ്തീയ സന്യാസ ജീവിത വീക്ഷണം പ്രചരിപ്പിച്ചിരുന്നു.

**(2) മൂന്നാം നൂറ്റാണ്ടിൽ**

ശാലോമന്റെ ഗാനം (The Odes of Solomon), കന്യകാത്വത്തെക്കുറിച്ചു (De virginitate) തോമ്മായുടെ പ്രവൃത്തികൾ (The Acts of Thomas) എന്നീ മൂന്നാം നൂറ്റാണ്ടിലെ ക്രിസ്തീയ കൃതികളിൽ കന്യാത്വത്തിന്റെ വലയത്തിനു വെളിയിൽ ക്രിസ്തീയ ജീവിതത്തിനു സാംഗത്യം ഇല്ലെന്നാണ് സമർത്ഥിച്ചിരിക്കുന്നത്.

പരിശുദ്ധി (കാദീശൂസ്സോ) വിവാഹിതരും എന്നാൽ ജിതേന്ദ്രിയത്തിൽ ജീവിച്ചിരുന്നവർക്കും കന്യകാത്വം (ബ്തുലൂസ്സോ) വിവാഹം കഴിയ്ക്കാതെ ലൈംഗിക കന്യകാത്വം കാത്തുസൂക്ഷിച്ചവർക്കും യഥാക്രമം പറയപ്പെട്ടിരുന്നു. സുറിയാനി പാരമ്പര്യത്തിൽ അഫ്രഹാത്തിന്റെ (4 -ാം നൂറ്റാണ്ട്) എഴുത്തുകളിൽ നിന്നും പേർഷ്യയിലെ ആദിമ ക്രിസ്ത്യാനികളുടെ മാമോദീസാ, വി. കുർബ്ബാനാനുഭവം എന്നിവ സന്യാസികളുടെ ആദ്ധ്യാത്മിക ജീവിതത്തിനായി രൂപപ്പെടുത്തപ്പെട്ടവയാണെന്നും പിൽക്കാലത്ത് അതു എല്ലാ ക്രിസ്ത്യാനികൾക്കുമായി മാറ്റപ്പെട്ടു എന്നും വിശ്വസിക്കുവാൻ ഇതിന്റെ ഉള്ളടക്കം സഹായിക്കുന്നുണ്ട്. (അഫ്രഹാത്ത്, ഡമോൺഷ്ട്രേഷൻസ് കോളം, 341–348)

യഹൂദ ന്യായ പ്രമാണങ്ങളുടെ വാചാ നിയമ സംഹിതയായ മിഷ്നായിൽ യെരുശലേം ദേവാലയത്തിൽ യാഗവസ്തുക്കളുടെ സമീപം 'നില്ക്കുവാൻ' നിയമിക്കപ്പെട്ടവരേയും സുന്നഗോഗുകളിൽ തിരുവെഴുത്തു വായിക്കുവാൻ 'നില്ക്കുന്ന'തിനു നിയമിക്കപ്പെട്ടവരെയും 'ക്യോമോ' എന്ന അറമായ പദത്താൽ വിശേഷിപ്പിച്ചിരിക്കുന്നു. ഇതിൽ നിന്നും മൂന്നാം നൂറ്റാണ്ടിലെ അറമായ ക്രിസ്ത്യാനികളുടെ 'ക്യോമോ' ക്രിസ്തുവുമായുള്ള ഒരു ഉടമ്പടിയുടെ അടിസ്ഥാനത്തിൽ ഏകാന്തവാസത്തിനു (ഈഹീദായ) വ്രത പ്രതിജ്ഞയെടുത്തവരുടെ പേരായി ത്തീർന്നു. ഈ സന്യാസ പ്രസ്ഥാനത്തിലെ പുരുഷന്മാർ ബ്നായ്ക്യോമോ എന്നും സ്ത്രീകൾ ബ്നോസ്ക്യോമോ എന്നും വിളിക്കപ്പെട്ടു. (The

Doctrine of Adai, P 50) (ബ്നോസ്ക്യോമോയുടെ ഏക വചനമാണു ബസ്ക്യോമോ).

പലസ്തീനിലെ അറമായ ക്രിസ്ത്യാനികളുടെ ഇടയിൽ രൂപമെടുത്ത മറ്റൊരു പദമാണ് 'ഈഹീദായ' എന്നത് ഏകാന്തവാസി എന്നു മാത്രമേ അതിനർത്ഥമുള്ളു. സന്യാസപ്രസ്ഥാനത്തിൽ ഇതു പിന്നീടു വ്യക്തമായി സാങ്കേതിക പദമായിത്തീർന്നുവെന്നേയുള്ളു. ഗ്രീക്കിലെ 'മൊണാക്കൊസ്' (ഏകൻ) എന്ന പദത്തിനോട് സാമ്യമുണ്ട്.

**(3) മെസോപ്പൊത്താമിയയിൽ**

നാലാം നൂറ്റാണ്ടിൽ ഈജിപ്റ്റിലെ സന്യാസ പ്രസ്ഥാനത്തിന്റെ സ്വാധീനത്തിൽ സമാന്തരമായി സുറിയയിലും സന്യാസ പ്രസ്ഥാനം ഉടലെടുത്തുവെന്ന ചരിത്രപണ്ഡിതന്മാരുടെ പാരമ്പര്യ നിഗമനം ചോദ്യം ചെയ്യപ്പെടേണ്ടതാണ്. മൂന്നാം നൂറ്റാണ്ടിൽ മെസോപ്പെത്തോമിയയിൽ ക്രിസ്തീയ സന്യാസ പ്രസ്ഥാനം നിലനിന്നതായി ചരിത്രപരമായി തെളിവുകൾ ഉണ്ട്. ഇതിൽ പ്രസിദ്ധരായ നിസിബിസിലെ യാക്കോബിനെയും ജൂലിയാനാ സാബായിയെയും കുറിച്ചു നാലാം നൂറ്റാണ്ടിൽ തെയോദോറെറ്റിന്റെയും മാർ അപ്രേമിന്റെയും കൃതികളിൽ പരാമർശമുണ്ട്. ഏലിയാവ്, ഏലീശാ, യോഹന്നാൻ സ്നാപകൻ എന്നിവർ ഈ സന്യാസികളുടെ ആദർശപുരുഷന്മാരായി അനുകരിക്കപ്പെട്ടവരാണ്. ക്രിസ്തുവിന്റെ പടയാളികളായി ശത്രു (പിശാച്) വുമായി യുദ്ധം ചെയ്യുവാൻ പുറപ്പെട്ടവർ എന്ന അർത്ഥത്തിൽ ഇവർക്കു'നാഫ്ക്കേ' എന്നു വിളിക്കപ്പെട്ടിരുന്നതായി മാർ അപ്രേം രേഖപ്പെടുത്തി. ഈ ആദ്യ സുറിയാനി സന്യാസിമാരുടെ കർശന ശിക്ഷണ ജീവിതത്തെക്കുറിച്ചു നാസിയാൻസ്സിലെ വി. ഗ്രീഗോറിയോസ് "ഇവർ ഇരുപതു ദിവസം തുടർച്ചയായി ഉപവസിച്ചിരുന്നു; ഇരുമ്പുചങ്ങല ധരിച്ചിരുന്നു പടുനിലത്തു കിടന്നു ഉറങ്ങിയിരുന്നു, കൊടുങ്കാറ്റിലും, കൊടുതണുപ്പിലും, മഞ്ഞിലും മഴയിലും തുറസ്സായ സ്ഥലത്തും മാറാതെനിന്നു പ്രാർത്ഥിച്ചിരുന്നു". എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. പ്രാർത്ഥനയാലും ഉപവാസത്താലും ശരീരസൗന്ദര്യ സംരക്ഷണത്തിലുള്ള ശ്രദ്ധയില്ലായ്മയാലും ശോഷിച്ചതും വികൃതവുമായ അവരുടെ ആകാരത്തെ പ്രകാശത്തിന്റെയും ജീവന്റെയും ഉറവിടമായി വി. അപ്രേം രേഖപ്പെടുത്തുന്നുണ്ട്. വനാന്തരങ്ങളിൽ മൃഗങ്ങളെപ്പോലെ അലഞ്ഞുതിരിഞ്ഞു പഴങ്ങളും കിഴങ്ങുകളും തിന്നു ഉപജീവനം കഴിച്ചും ചെറിയഗുഹകളിൽ രാപാർത്ത ഇവരുടെ ഒരേയൊരു പ്രവർത്തനം പ്രാർത്ഥനയായിരുന്നു. ഏതെങ്കിലും മാർഗത്തിൽ അവരുടെ ശരീരം മരിക്കുന്നതിലും, ഈ ലോക ജീവിതം അവസാനിപ്പിക്കുന്നതിലും അവർ എപ്പോഴും ശ്രദ്ധിച്ചിരുന്നു. അപ്രേമിനെപ്പോലെ തന്നെ അന്ത്യോക്യയിലെ ഇസഹാക്കും അതിപുരാതനമായ സുറിയാനി സന്യാസപ്രസ്ഥാനത്തെ വിശദീകരിച്ചിട്ടുണ്ട്. അർമ്മീനിയയിലേക്കും വ്യാപിച്ച ഈ സന്യാസപ്രസ്ഥാനം ദൈവസ്നേഹത്തിൽ നിന്നും ഉയർന്ന കർശന ലോകവിരോധവും പിശാചിനോടുള്ള സമരവും പ്രാർത്ഥനമൂലം നേടിയെടുക്കുന്നതിൽ പിൽക്കാലത്തു ലാഘവം വരുവാൻ കാരണം ചില അന്യസ്വാധീനം ആണ്.

പുരാതന ഭാരത്തിലെ സന്യാസ പ്രസ്ഥാനവുമായി വളരെ സാമ്യം ഇതിനുണ്ട്. അഗ്നിപ്രവേശം സ്വയം നടത്തി ആത്മസായൂജ്യം നേടുന്നതും ലോകത്തിൽ അലഞ്ഞു നടക്കുന്നതും ഭിംക്ഷാംദേഹികളാകുന്നതുമെല്ലാം ഇവിടെ ശ്രദ്ധിക്കപ്പെടാം. കഠിന ഉപവാസവും സസ്യാഹാര ജീവിതവും എല്ലാം മാനിക്കേയൻ ജീവിത തത്വശാസ്ത്രങ്ങളോടു ബന്ധമുള്ളവയാണ്. ഇവയുടെ സ്വാധീനം സുറിയാനി സന്യാസപ്രസ്ഥാനത്തിന് ഉണ്ടായിരുന്നുവെങ്കിലും ക്രിസ്തീയ വിശ്വാസ ലക്ഷ്യങ്ങളെ കോർത്തിണക്കുവാൻ ഇവർക്കു കഴിഞ്ഞത് ഒരു വിജയം തന്നെയാണ്.

*(തുടരും.....)*

*(തുടർച്ച..........പേജ് 19 രാഷ്ട്രീയ രംഗത്ത് സഭയുടെ ഭാഗഭാഗിത്വം - 3)*

നേരത്തെ കഞ്ഞിക്കുപോലും വകയില്ലെന്നുതോന്നും. അതേ സമയം അവരുടെ ജീവിതശൈലി ഒരു ദിവസമെങ്കിലും വീക്ഷിച്ചാൽ മനസ്സിലാകും അവരുടെ രാഷ്ട്രീയ സേവനമെന്താണെന്ന്.

ഭയാനാകമായ ഇന്നത്തെ അവസ്ഥകണ്ട് നിരാശരാകുകയല്ലവേണ്ടത്. ലോകത്തിനുമുന്നിൽ നമ്മുടെ രാഷ്ട്രത്തെ അപമാനിക്കുകയും കോടിക്കണക്കിന് പൗരന്മാർക്ക് നീതി നിഷേധിക്കുകയും ചെയ്യുന്ന അഴിമതിയെ നിർമ്മാർജ്ജനം ചെയ്യുവാൻ യുവതലമുറയ്ക്ക് ബാദ്ധ്യതയുണ്ട്. ധാർമ്മിക ബോധമുള്ള ഒരു തലമുറയ്ക്കു മുന്നിൽ ഇന്നത്തെ അഴിമതി വീരന്മാർക്ക് അടിയറവു പറയേണ്ടിവരും. മാഹാത്മാ ഗാന്ധിയുടെ വാക്കുകളാണ് നമുക്ക് മാർഗ്ഗദർശകമായുള്ളത്. അഴിമതിയും കാപട്യവും ജനാധിപത്യത്തിന്റെ അവിഭാജ്യഘടകങ്ങളല്ല. ഇപ്പോൾ അങ്ങിനെ സംഭവിച്ചുപോയിരിയ്ക്കുന്നവെന്നേയുള്ളു.

അതേ, ഇങ്ങിനെയൊക്കെ സംഭവിച്ചുപോയി, തിരുത്തണം. തിരുത്തിയേ മതിയാകൂ. രാഷ്ട്രീയ ധാർമ്മികതയുള്ള ഒരു ന്യൂനപക്ഷവും പ്രതികരണശേഷി നഷ്ടപ്പെടാത്ത യുവതലമുറയും ഒന്നുചേർന്നാൽ രക്ഷിയ്ക്കാനാവാത്തവിധം നമ്മുടെ രാജ്യം അധഃപതിച്ചിട്ടില്ല. ഈ തിരിച്ചറിവിൽ നിന്ന് തന്നെ നമുക്കു തുടങ്ങാം

*(തുടരും.....).*

# സുറിയാനി ആരാധനാ പാരമ്പര്യത്തിൽ വെളിവാകുന്ന സഭയുടെ ഏകത

ഡോ. യൂഹാനോൻ മാർ ദിയസ്ക്കോറോസ് മെത്രാപ്പോലീത്ത

### വിശ്വാസമെന്ന ശിലമേൽ സ്ഥാപിതമായ സഭ

സുറിയാനിസഭയുടെ പ്രോമിയോനുകൾ, സെദറാകൾ, വി. കുർബ്ബാനയുടെ അന്നാഫോറകൾ മറ്റ് ആരാധനാ ക്രമങ്ങൾ എന്നിവയിൽ ഈ ആശയപ്രകാശനരീതി വെളിവായിരിക്കുന്നു. ക്രിസ്തുവിലും ക്രിസ്തുവിലൂടെ ത്രിയേകദൈവത്തിലും വിശ്വസിക്കുന്ന വിശ്വാസികളുടെ സമൂഹമാണ് സഭ. എന്നിരുന്നാലും വിശ്വാസത്തിന്റെ അഭ്യർത്ഥനകളായ കൂദാശകൾ സഭയെ ദൃശ്യമായ അതായത് ഉണ്മയായി യാഥാർത്ഥ്യവൽക്കരിക്കപ്പെടുന്നതിന് ഹേതുവായി ഭവിക്കുന്നു. സഭയുടെ നിർമ്മാണത്തെപ്പറ്റി വി. വേദപുസ്തകത്തിലെ സുപ്രസിദ്ധമായ ഭാഗം ഇങ്ങനെയാണ്. "നീ പത്രോസാകുന്നു, ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും. പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല". (മത്താ. 16:18). ആരാധനാവർഷത്തിലെ ആദ്യത്തെ ഞായറാഴ്ചയായ കൂദോശ് ഈത്തോദിനത്തിലെ പ്രധാന വേദവായനാ ഭാഗമാണിത്. യേശുക്രിസ്തുവിന്റെ ഈ വാക്കുകൾ സ്പഷ്ടമാക്കുന്നത് സഭയുടെ അപ്പോസ്തോലിക ആധാരത്തേയും അതിന്റെ വിശ്വാസത്തിന്റെ പ്രത്യേക സ്ഥാനത്തേയുമാണ്. അന്തർലീനമായി മറ്റൊരു സൂചന ഒരു കെട്ടിടത്തിന്റെ ഭാവത്തിൽ പണിയപ്പെടുന്ന ഒന്നാണ് സഭ എന്നുള്ളതാണ്.

സഭ ഒരു സമുച്ചയമാണെന്ന ദൃഷ്ടാന്തവും സഭയുടെ അപ്പോസ്തോലികതയും പരസ്പര ബന്ധമുള്ള വിഷയങ്ങളാണ്. ഈ പാരസ്പര്യ ബന്ധത്തിൽ മൂന്ന് പ്രധാന കാര്യങ്ങൾക്ക് ഊന്നൽ നല്കേണ്ടതുണ്ട്.

1. ശില(പാറ)യുടെ അർത്ഥം: ഇത് മൂന്ന് വിധത്തിൽ അവതരിപ്പിച്ചിരിക്കുന്നു. ക്രിസ്തു ആകുന്ന പാറ, പത്രോസ് ആകുന്ന പാറ, വിശ്വാസമാകുന്ന പാറ.
2. സഭ എന്ന സൗധം: ഇതുമായുള്ള ബന്ധത്തിലാണ് ഓരോ വിശ്വാസിയും ദൈവത്തിന്റെ വാസസ്ഥാനമാണ് എന്ന ആശയത്തിൽ നാം എത്തിച്ചേരുന്നത്.
3. അപ്പോസ്തോലികത അല്ലെങ്കിൽ അപ്പോസ്തോലിക അടിസ്ഥാനം.

രണ്ടും മൂന്നും ഘടകങ്ങളെക്കുറിച്ച വ്യക്തമായ അഭിപ്രായങ്ങൾ നിലനിൽക്കുന്നതിനാൽ ഒന്നാമത്തേതിലേക്ക് നമുക്ക് ശ്രദ്ധകേന്ദ്രീകരിക്കാം.

"ശില" എന്ന പദം സുറിയാനി ആരാധനാ ക്രമങ്ങളിലും വൃത്താന്തസംക്ഷേപങ്ങളിലും മുകളിൽ കാണുന്ന മുന്ന് പ്രതീകാത്മക അർത്ഥങ്ങളിലും ഉപയോഗിച്ചിരിക്കുന്നു എന്നത് സുവ്യക്തമാണ്. സർവ്വോപരിയായി ഇത് മശിഹായെ സംബന്ധിക്കുന്ന സംജ്ഞയാണ്. സഭയുടെ സ്ഥാപനത്തിനും ഔന്നത്യത്തിനും ആധാരമാക്കിത്തീർന്ന ശിലയായി യേശുക്രിസ്തുവിനെ ചിത്രീകരിച്ചിരിക്കുന്നു. പത്രോസ് ശ്ലീഹാ ക്രിസ്തുവിന്റെ ശിഷ്യന്മാരിൽ മൂപ്പനും എല്ലായ്പ്പോഴും മറ്റെല്ലാവർക്കും വേണ്ടി സംസാരിക്കുന്നയാളുമാണ്. "ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും" എന്ന് ഫിലിപ്യരുടെ കൈസറിയായിലേക്കുള്ള യാത്രമദ്ധ്യേ യേശു പറഞ്ഞ വാക്കുകൾ പത്രോസിന്റെ ഏറ്റുപറച്ചിലുമായി ബന്ധപ്പെട്ടിരിക്കുന്നു. ദൈവത്തിന്റെ പുത്രനായ ക്രിസ്തുവിൽ മനുഷ്യൻ വിശ്വസിക്കുന്നതാണ് ചിരിത്രത്തിൽ സഭയുടെ നിലനിൽപിന്നാധാരം. ഈ വിശ്വാസം ഇല്ലെങ്കിൽ സഭ തന്നെ ഇല്ലാതാകുന്നു. ഈ വിശ്വാസം ഏറ്റു പറഞ്ഞവരിൽ പ്രഥമൻ പത്രോസാണ്. തത്ഫലമായി വേദുപുസ്തകഭാഷയിൽ മശിഹായ്ക്കു മാത്രം നിർദ്ദേശിതമായിരിക്കുന്ന പാറ എന്ന മശിഹാത്മാകസ്ഥാനത്തിന് പത്രോസ് അർഹനായി. പത്രോസിൽ പ്രതിനിധാനം ചെയ്യപ്പെട്ടതുപോലെ യേശുവിനെ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവായി ഏറ്റു പറയുന്ന വിശ്വാസി "പാറ" എന്ന നാമത്തിനർഹനായിത്തീരുന്നു എന്ന് നമുക്ക് പ്രമാണീകരിക്കാം എന്നിരുന്നാൽതന്നെ ഈ സ്ഥാനനാമം വിശ്വാസത്തിന് ആപേക്ഷികമായതിനാൽ നഷ്ടപ്പെടുവാനുള്ള സാദ്ധ്യതകളേറെയാണ്. അത് തന്നെയാണ് പത്രോസിന് സംഭവിച്ചതും. യേശുക്രിസ്തു തന്റെ കഷ്ടാനുഭവങ്ങ

ളെക്കുറിച്ച് പ്രവചിച്ചപ്പോൾ പത്രോസ് അവനെ വിലക്കിയതും തന്റെ കഷ്ടാനുഭവസമയത്ത് തള്ളിപ്പറഞ്ഞതുമൊക്കെ ഇതിനുദാഹരണങ്ങളാണ്. തൻമൂലം മഹത്വത്തിൽ പുനഃസ്ഥാപിക്കപ്പെടുന്നതിനു മുമ്പായി താൻ മാനസാന്തരാശ്രുക്കൾ പൊഴിക്കേണ്ടതായി വന്നു. ഒരു കൂട്ടുമൂപ്പൻ എന്ന നിലയിൽ പത്രോസിന് സംഭവിച്ചതൊക്കെ മറ്റുള്ള അപ്പോസ്തോലന്മാർക്കും സംഭവിച്ചു എന്നത് ഒരു വേദപുസ്തക യാഥാർത്ഥ്യമാണ്. സുറിയാനി സഭയുടെ കാനോനിക പ്രാർത്ഥനാക്രമമായ ശ്ഹീമാ നമസ്കാരത്തിലെ വെള്ളിയാഴ്ച പ്രഭാത പ്രാർത്ഥനയിലെ ഒരു ഭാഗം ഉദ്ധരിക്കുന്നു.

'ശീമോൻ പത്രോസിൽ, നമ്മുടെ കർത്താവ് സഭ സ്ഥാപിച്ചു അവൻ അതിനെ എഴുപത്തിരണ്ടു തൂണുകളിൽ ഉറപ്പിച്ചു. അതു ഹിമാലയ പർവ്വതത്തേക്കാൾ ഉയരമുള്ളതും മഹത്വമുള്ളതുമാകുന്നു. അതിന്റെ ശില്പിയുടെ വാസസ്ഥലം ഉയരങ്ങളിലാണ്. ഹാലേലുയ്യാ സഭ സ്ഥാപിച്ചവനും അതിന്മേൽ ബലിപീഠം പണിഞ്ഞവനുമായവൻ വാഴ്ത്തപ്പെട്ടവനാകുന്നു'. (ഇതു സുറിയാനിയിൽ നിന്നുള്ള ഒരു സ്വതന്ത്രവിവർത്തമാണ്. മലയാളം ശ്ഹീമാ നമസ്കാരത്തിൽ ഇത് ചേർത്തിട്ടില്ല.)

ഈ ഭാഗത്തിൻപ്രകാരം ശീമോൻ പത്രോസിന്മേലാണ് സഭ നിർമ്മിതമായിരിക്കുന്നത്. എഴുപത്തിരണ്ടു അറിയപ്പുകാർ സഭയുടെ തുണുകളും ശേഷിക്കുന്ന പതിനൊന്ന് അപ്പോസ്തലന്മാരെക്കുറിച്ച് യാതൊരു സൂചനയുമില്ല. ഈ ഭാഗത്തെ, ശീമോനാണ് ഏക അടിസ്ഥാനശില എന്ന് വെറും ആക്ഷരികമായി നാം വ്യാഖ്യാനിച്ചാൽ മറ്റ് അപ്പോസ്തലന്മാർ സഭയ്ക്കതിരാണെന്ന് പറയേണ്ടതായി വരുന്നു. ആയതിനാൽ അപ്പോസ്തലിക സമൂഹത്തിന്റെ പ്രതിപുരുഷനായി ശീമോനെ ഇവിടെ പ്രതീകാത്മകമായി സൂചിപ്പിച്ചിരിക്കുന്നു എന്ന് കരുതുന്നതാണ് യോഗ്യം. മേൽപറഞ്ഞതിന് തൊട്ടുമുമ്പുള്ള ഒരു ഭാഗം ഉദ്ധരിച്ചുകൊണ്ട് ഇത് സുവ്യക്തമാക്കാം.

*സഭയേ! നിൻ വാതിൽ കാവൽക്കാരെന്നും*
*സാത്താനിൽ നിന്നും കാക്കുന്നു നിന്നെ*
*ശീമോനാധാരം പൗലോസോ ശില്പി*
*യോഹന്നാനിഷ്ടൻ-ശുശ്രൂഷക്കാരൻ*
*ഹാലേലൂയ്യാ റൂഹാ തൻ വീണാ നാദം*
*ദാവീദാം*

(ഇത് മലയാളം ശ്ഹീമാ ആരാധനാക്രമത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്)

ഈ വാക്യങ്ങളിൽ പ്രകാരം മൂന്ന് അപ്പോസ്തലന്മാർക്ക് ചില പ്രത്യേക സ്ഥാനമാനങ്ങൾ ഉള്ളതായും അവരും പരിശുദ്ധാത്മാവിന്റെ കിന്നരമായ ദാവീദും ചേർന്ന് സഭയുടെ കവാടത്തിൽ നിന്നുകൊണ്ട് അനുദിനം അതിനെ ദുഷ്ടനിൽനിന്നും കാക്കുന്നതായും കാണുന്നു. ഈ ഭാഗത്തിന്റെ പദാനുപദവ്യാഖ്യാനം രണ്ട് സംശയങ്ങൾക്ക് ഇടം നല്കുന്നു.

1. പത്രോസ് സഭയുടെ ശില്പിയും കർത്താവിന്റെ സ്നേഹിതനും അല്ലെന്നു പറയുവാൻ കഴിയുമോ? കാരണം ആ രണ്ടു സ്ഥാനങ്ങളും യഥാക്രമം പൗലൂസിനും യോഹന്നാനുമാണ് ഇവിടെ നല്കിയിരിക്കുന്നത്.

2. മൂന്ന് അപ്പോസ്തലന്മാരും ദാവീദും കൂടി മാത്രമാണോ സഭയുടെ കാവൽക്കാരനായി നില്ക്കുന്നത്?

അങ്ങനെയല്ല എന്നത് സ്പഷ്ടമാണ്. പിന്നയോ, ഈ നാലുപേരും ഇവിടെ മറ്റ് അപ്പോസ്തോലന്മാരെയും സഭയുടെ വിശുദ്ധന്മാരേയും പ്രതീകവൽക്കരിക്കുന്നു എന്നതാണ് സത്യം. അവരുടെ പ്രത്യേകപദവികളെയും ധർമ്മത്തെയും പരിഗണിക്കേണ്ടത് നിശ്ചമായും ആവശ്യമാണെങ്കിൽ തന്നെയും അപ്പോസ്തോലിക സമൂഹത്തെയും വിശുദ്ധന്മാരുടെ ഗണത്തേയും അവരിൽ നിന്ന് അടർത്തി മാറ്റുന്നത് ആശാസ്യമല്ല. പത്രോസിനെയും മറ്റ് അപ്പോസ്തോലന്മാരെയും കുറിച്ച് വേദപുസ്തകഭാഗങ്ങളുടെ വ്യാഖ്യാനങ്ങളിലും പത്രോസ് പൗലോസ് ശ്ലീഹന്മാരുടെയും പന്ത്രണ്ട് ശ്ലീഹന്മാരുടെയും പൊരുന്നാളുകളിലെ ധർമ്മപ്രവചനങ്ങളിലും തത്സാമ്യമുള്ള ആശയങ്ങൾ ദർശിക്കാവുന്നതാണ്.

പത്രോസിന് നല്കിയ അധികാരങ്ങൾ മറ്റുള്ള അപ്പോസ്തോലന്മാർക്കും കൂടെയാണ് നല്കപ്പെട്ടത്. പുതുഞായറാഴ്ചയിലെ സെദറായിലെ ഒരു ഭാഗം ഇവിടെ ഉദ്ധരിക്കട്ടെ. "അവൻ (യേശു) അവരോട് പറഞ്ഞു: അസ്ഥിയും മാംസവുമില്ലാത്ത ഒരു ആത്മാവിനെയല്ല ഞാൻ സ്വായത്തമാക്കിയിരിക്കുന്നതായി നിങ്ങൾ കാണുന്നത്. (അവർ കാണുന്നത് ഒരു മായയല്ല എന്നർത്ഥം) എന്റെ പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു. അനന്തരം അവൻ അവരുടെ മേൽ ഊതി. അങ്ങനെ അവർ പരിശുദ്ധാത്മാവിനെ പ്രാപിച്ചു. അനന്തരം അവൻ അവരോട് പറഞ്ഞു ആരുടെ പാപങ്ങൾ നിങ്ങൾ മോചിക്കുന്നവോ അവർക്ക് മോചിക്കപ്പെട്ടിരിക്കുന്നു. ആരുടെ പാപങ്ങൾ നിർത്തുന്നുവോ അവ നിർത്തിയിരിക്കുന്നു (യോഹ. 20:21-23). താൻ വാഗ്ദത്തം ചെയ്തതുപോലെ പരിശുദ്ധാത്മാ ആവാസത്താൽ മൃതരെ ഉയർപ്പിക്കുവാനും, അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിക്കുവാനും സ്വർഗ്ഗത്തിലും ഭൂമിയിലും കെട്ടുവാനും അഴിക്കുവാനും അവൻ അവരോട് ആജ്ഞാപിച്ചു. തോമസ് വിശ്വസിക്കുകയും എന്റെ

കർത്താവും എന്റെ ദൈവവുമേ എന്ന് പറയുകയും ചെയ്തപ്പോൾ തന്റെ വിശ്വാസം ഏറ്റുപറയുകയും ഉറപ്പിക്കുകയും ചെയ്യുകയായിരുന്നു. യേശു തന്റെ ശിഷ്യന്മാർക്ക് നിങ്ങൾ സിംഹാസനത്തിൽ ഉപവിഷ്ടരായിരുന്ന് ഇസ്രായേലിന്റെ ഗോത്രങ്ങളെ ന്യായം വിധിക്കും എന്ന് വാഗ്ദാനം ചെയ്തപ്പോൾ അവൻ അവരെ സ്നേഹിതർ സഹോദരങ്ങൾ എന്നിങ്ങനെ സംബോധന ചെയ്തു. അവൻ അവർക്ക് തന്റെ രാജമണ്ഡലത്തിന്മേലുള്ള അധികാരവും സ്വർഗ്ഗരാജ്യത്തിന്റെതാക്കോലും പാപമോചനാധികാരവും നല്കുകയും സഭയെ അവരുടേമേൽ പണിയുകയും ചെയ്തു". (അത്തനാസ്യോസ് യേശു ശമുവേൽ മെത്രാപ്പോലീത്താ പ്രസിദ്ധീകരിച്ച ആണ്ടുതക്സായിൽ നിന്നും (1984 പി. 293).

ആരാധനാക്രമങ്ങളിൽ "വിശ്വാസമാകുന്ന ശില" എന്നചിന്തയ്ക്ക് കൂടുതൽ ഊന്നൽ നല്കിയിട്ടുണ്ട്. ആയതിനാൽ മത്തായി 16:18-ാം വാക്യത്തെ സഭയുടെ അപ്പോസ്തോലിക അടിസ്ഥാനത്തിന് പിൻബലമേകുന്ന ഭാഗമായി കണക്കാക്കാം. ക്രിസ്തു തന്റെ സഭയെ പടുത്തുയർത്തിയിരിക്കുന്നത് വിശ്വാസമെന്ന സുദൃഢമായ ശിലയിൻമേലാണ് സിറിയായിലെ അഫ്രാത്തസിന്റെ അഭിപ്രായത്തിൽ "സാക്ഷാലുള്ള പാറയായ നമ്മുടെ കർത്താവായ യേശുക്രിസ്തുവാണ് നമ്മുടെയെല്ലാം വിശ്വാസത്തിനാധാരശില. അവന്മേൽ അതായത് ആ പാറമേലാണ് വിശ്വാസം അടിസ്ഥാനപ്പെട്ടിരിക്കുന്നത്. ഈ വിശ്വാസത്തിലധിഷ്ഠിതമായിട്ടാണ് എല്ലാ നിർമ്മാണങ്ങളും തുടരുന്നതും പൂർത്തീകരണത്തോളം വളരുന്നതും. കാരണം ഇതാണ് അസ്തിവാരം അതായത് എല്ലാ സൗധനങ്ങളുടെയും ആദ്യഘട്ടം. ആയതിനാൽ ഏതൊരാളെങ്കിലും വിശ്വാസത്തിനരികിലെത്തുമ്പോൾ, അവനായത് നമ്മുടെ കർത്താവായ യേശുക്രിസ്തുവാകുന്ന പാറമേൽ സ്ഥാപിക്കപ്പെടുന്നു". (Aphraates Demonstraation 1.2) അപ്പോസ്തോലന്മാരാണ് ഈ വിശ്വാസത്തിന്റെ മൂർത്തിമദ്ഭാവങ്ങൾ. എന്തെന്നാൽ അവർ യേശുവിലുള്ള വിശ്വാസത്തിൽ രൂഢമൂലമായിരിക്കുന്നു. തദ്വാരാ, നാമകരണം ചെയ്യപ്പെടുന്നെങ്കിൽ സഭയുടെ ആധാരശിലകൾ എന്ന നിലയിൽ നിന്ന് പന്ത്രണ്ട് അപ്പോസ്തോലന്മാരെയും വിഗണിക്കുവാനോ അവരുടെ സ്ഥാനം ലഘൂകരിക്കുവാനോ സാദ്ധ്യമല്ല എന്നു പറയാം. അവരുടെ വിശ്വാസമാകുന്ന അടിത്തറയിന്മേൽ യേശുക്രിസ്തു തന്റെ കെട്ടിടമായ സഭ പണിതുയർത്തി. ശ്ഹീമാ നമസ്കാരത്തിലെ ഒരു ഭാഗത്തിൽ കാണുന്നു.

*പന്തിരുതുണികളീ സഭയെ താങ്ങുന്നു*
*പന്തിരു മാസങ്ങൾ ആണ്ടിൻ മകുടങ്ങൾ*
*പന്ത്രണ്ടുറവുളവായ് ആശീമോൻദേശേ*
*പന്തിരുശ്ലീഹന്മാർ വചനം ഘോഷിച്ചു*
*വാനിലുമൂഴിയിലും നാനാ ദിശകളിലും*
*തൽപ്രാർത്ഥന ഞങ്ങൾക്കഭയം സങ്കേതം*

സുറിയാനി പാരമ്പര്യത്തിൽ സഭാശുശ്രൂഷയ്ക്ക് സഭാശാസ്ത്രപരവും അനന്തരാവകാശ പരവും, സാമൂഹ്യപരവുമായ മുഖങ്ങളുണ്ട്. ഇത് പര്യാപ്തമായും ത്രിത്വപരമായതും പരിശുദ്ധാത്മാപരമായതുമായ അടിസ്ഥാനങ്ങളിൽ ആസ്പദമായിരിക്കുന്നു. ഇത് മൗലികമായ സഭായാഥാർത്ഥ്യങ്ങളിൽ ദർശിക്കാവുന്നതാണ്. അതായത് പെന്തിക്കോസ്തിദിനത്തിൽ സംജാതമായ ദൈവസമൂഹത്തിൽ യാഥാർത്ഥത്തിൽ പന്ത്രണ്ട് അപ്പോസ്തോലന്മാരുടെ സ്വയംകൃതാദാനമാണ് അപ്പോസ്തോലികത. എന്നാൽ പ്രതീകാത്മകമായി പന്തിരുവർ, ആകമാനസഭയെ പ്രതിനിധാനം ചെയ്യുന്നു. ക്രിസ്തുവിന്റെ ശരീരമായ സഭയിലേക്ക് അപ്പോസ്തോലികതയെ സന്നിവേശിപ്പിക്കുന്നത് പരിശുദ്ധാത്മാവാണ്. ഇത് വരദാനത്തിന്റെ വാഹകരിലൂടെയാണ് സാക്ഷാത്കരിക്കപ്പെടുന്നത്. അന്ത്യോഖ്യായിലെ ഇഗ്നാത്ത്യോസിന്റെയും സമകാലീന കൃതികളായ Didascalia Apostolorum, Apostolic Constitution തുടങ്ങിയവയിലെയും, ആശയങ്ങൾ വ്യക്തമാക്കുന്നതുപോലെ അപ്പോസ്തലന്മാരെ ഇവിടെ ക്രിസ്തുവിന്റെ പ്രതിരൂപമായി കണക്കാക്കാം.

സഭയുടെ മേൽപട്ട സ്ഥാനത്തിന്റെ സാദൃശ്യത്തെക്കുറിക്കുന്ന മറ്റൊരാശയം ഇവിടെയുണ്ട്. Being as Communion എന്ന പുസ്കത്തിൽ ജോൺ ഡി. സിസ്യുളാസ് റോമിലെ ഹിപ്പോലിറ്റസിന്റെ "അപ്പോസ്തോലിക പാരമ്പര്യങ്ങളിലെ" (P.195-196) ശ്രേഷ്ഠാചാര്യത്വം സംബന്ധിച്ചുള്ള വസ്തുതകൾ വിശകലനം ചെയ്തശേഷം താഴെകാണുന്ന നിരീക്ഷണങ്ങൾ വെളിപ്പെടുത്തുന്നു.

1. പ്രധാനാചര്യൻ (Bishop) ഒരേ സമയം ക്രിസ്തുവിന്റെയും അപ്പോസ്തോലന്മാരുടെയും പ്രതിബിംബമാണ്. ചരിത്രപരവും യുഗാന്ത്യപരവുമായ വീക്ഷണങ്ങളുടെ സംശ്ലേഷണത്തിൽ അപ്പോസ്തോലിക പിന്തുടർച്ചയുടെ ചരിത്രം വിലയിരുത്തുമ്പോൾ ഈ രണ്ട് പ്രതിരൂപങ്ങളുടെ സങ്കലനം ഒരു നിർണ്ണായക ഘടകമാകുന്നു.
2. ആചാര്യഗണത്തെ (Presbyterium) ഒരു സമൂഹമായി കണ്ട് ഉത്ബോധനം, ഭരണം എന്നീ കർത്തവ്യങ്ങളുമായി ബന്ധപ്പെടുത്തി മനസ്സിലാക്കുന്നു. ക്രിസ്തുവിനെപ്പോലെ സുവിശേഷ ദൗത്യം നല്കുവാൻ പ്രാപ്തരായ മേൽപ്പട്ടക്കാർക്ക്

മാത്രമായി ക്രിസ്തുശാസ്ത്രപരമായ സംജ്ഞ സംവരണം ചെയ്യപ്പെട്ടിരിക്കുന്നു എന്നാണിതിനർത്ഥം. അതേസമയം തന്നെ പൗരോഹിത്യവൃന്ദം ഈ കൊടുക്കൽ പ്രക്രിയയിൽ ഒപ്പം നില്ക്കുകയും പങ്കുചേരുകയും ചെയ്യുന്നു. ഇതുകൊണ്ടർത്ഥമാക്കുന്നത് കേവലം ഒരു വ്യക്തിയായിട്ടല്ല. പുരോഹിതവൃന്ദത്തിന്റെ അകമ്പടിയോടെയാണ്. ഒരു മേൽപട്ടക്കാരനിൽ അപ്പോസ്തോലിക പിന്തുടർച്ച യാഥാർത്ഥ്യവൽക്കരിക്കപ്പെടുന്നത് എന്നാണ്.

3. സർവ്വോപരിയായി, അപ്പോസ്തോലിക പൗരോഹിത്യത്തിന്റെ പിന്തുടർച്ചക്കായി മേൽപ്പട്ട സ്ഥാനങ്ങളുടെ എല്ലാ പ്രവർത്തനങ്ങൾക്കുമായിട്ട് ആകമാന സമൂഹത്തെ വിളിച്ചുചേർത്തിരിക്കുന്നു എന്നനുമാനിക്കാം. വിശുദ്ധ കുർബ്ബാന ഉളവാക്കുന്ന ചരിത്രത്തിന്റെയും യുഗാന്ത്യ ശാസ്ത്രത്തിന്റെയും സംയോജനമാണ് ഇതിന്റെ പശ്ചാത്തലം. ഇക്കാരണത്താലാണ് പട്ടംകൊട ശുശ്രൂഷയിൽ വി. കുർബ്ബാന ഒരവിഭാജ്യഘടകമാണെന്ന് പറയുന്നത്. ("അപ്പോസ്തോലിക പാരമ്പര്യങ്ങളിൽ" വി. കുർബ്ബാന മദ്ധ്യേയായിരിക്കണം പൗരോഹിത്യ സ്ഥാനാരോഹണം എന്ന് സൂചിപ്പിച്ചിരിക്കുന്നു. ഉദാ: സ്ഥാനാരോഹണ ശുശ്രൂഷയിലെ ഓക്സിയോസ് എന്ന പ്രഖ്യാപനം)

മേൽപട്ട സ്ഥാനത്തെ സഭ ഒരിക്കലും അത്മായഗണം ഉൾപ്പെടെയുള്ള മറ്റു ക്രമങ്ങളിൽ നിന്നും വേറിട്ട് നിർത്തുന്നില്ല എന്നതാണ് ഇതിന്റെ വിവക്ഷ. പ്രത്യുത മറ്റ് ഘടകങ്ങൾ മേൽപട്ടസ്ഥാനങ്ങളിൽ എപ്രകാരം പൂർണ്ണമായും ആശ്രിതമായിരിക്കുന്നുവോ, ആയതുപോലെ അതിനെയും സഭ മറ്റ് ഘടനകളുമായും പൂർണ്ണമായി ആശ്രിതമാക്കിയിരിക്കുന്നു. സമൂഹത്തിന്റെ പൂർണ്ണമായ പങ്കാളിത്വം ഇല്ലായെങ്കിൽ സഭയുടെ യുഗാന്ത്യകാഴ്ചപ്പാട് അപ്രത്യക്ഷമാകും. തന്മൂലം നാം അപ്പോസ്തോലിക പിന്തുടർച്ചയെക്കുറിക്കുന്ന പരിപൂർണ്ണമായ ചരിത്രാവലോകനത്തിലേക്ക് തള്ളപ്പെടും. കൂടാതെ കൗദാശികത്വം, നിയമപരമായ അധികാരം തുടങ്ങിവയെ സംബന്ധിക്കുന്ന ഊഹങ്ങളും അവകൾ അനിവാര്യമാക്കിത്തീർക്കുന്ന പ്രശ്നങ്ങളും ഒപ്പമുണ്ടാകും. ചരിത്രപരവും യുഗാന്ത്യപരവുമായ വീക്ഷണങ്ങളുടെ സമന്വയത്തിലൂടെ മഹാപുരോഹിതസ്ഥാനത്തിന്റെ പിന്തുടർച്ച എന്നത് അത്യന്താപേക്ഷിതമായ ഒന്നായിത്തീരുന്നു. ആതിലൂടെ അപ്പോസ്തോലിക പിന്തുടർച്ചക്കായി സമൂഹം മുഴുവനായി പാത്രീഭൂതമായിത്തീരുന്നു എന്നത് വ്യക്തമാകും.

പ്രേഷിത പ്രവർത്തനത്തെ സംബന്ധിച്ച് സുറിയാനിക്കാരുടെ ദൈവശാസ്ത്രം, അവരുടെ സമൂഹത്തെപ്പറ്റിയുള്ള കാഴ്ചപ്പാട് മാമോദീസായുടെ ദൈവശാസ്ത്രം എന്നിവയിൽ അധിഷ്ഠിതമായിരിക്കുന്നു. കർതൃശരീരത്തിലെ പൂർണ്ണ അംഗത്വത്തിലേക്ക് ദൈവജനത്തെ വാഴിക്കുന്ന കർമ്മമാണ് മാമോദീസാ. പരിശുദ്ധാത്മാഭിഷേകത്താൽ അവർ രാജകീയ പൗരോഹിത്യത്തിലംശികളാകുന്നു. (S.P. Brock, "The Prisesthood of the Baptized Some Syriac Perspectives" in Sobeermosta (1987) 14-22 കാണുക) പ്രേഷിത പ്രവർത്തനപരമായ (കൗദാശികമായ) പൗരോഹിത്യം പൊതു (രാജകീയ) പൗരോഹിത്യത്തിലാണ് നിലകൊള്ളുന്നത്. പ്രത്യേക പൗരോഹിത്യം (മേൽപട്ടക്കാർ, പട്ടക്കാർ, ശെമ്മാശന്മാർ) സഭയുടെ കൗദാശികവീക്ഷണത്തിൽ അനുപേക്ഷണീയമായ ഒന്നാണ്. കൂടാതെ ആകമാന ദൈവജനപൗരോഹിത്യത്തോട് വേർപെടുത്താനാവാത്തവിധം അത് ബന്ധിതവുമായിരിക്കുന്നു. പൗരോഹിത്യ അധികാരാശ്രേണിയിൽനിന്ന് സമൂഹത്തെ ഒഴിവാക്കുകയോ പ്രത്യേക പൗരോഹിത്യത്തെ നിരാകരിക്കുകയോ ചെയ്യുന്നില്ല. ആയതിനാൽ അപ്പോസ്തോലികത (അപ്പോസ്തോലിക പിന്തുടർച്ച) എന്നത് മേൽപട്ടക്കാരന്റെ ഭരണപ്രദേശത്തിലേക്കോ, സമൂഹത്തിന്റെ വിശ്വാസത്തിലേക്കോ സംപ്രേഷണം ചെയ്യപ്പെടുന്ന കേവലം ഒരു സ്ഥാപനമല്ലെന്നും കർതൃശരീരത്തിന്റെ അസ്തിത്വപരമായ വൈശിഷ്ട്യമാണെന്നും പറയുന്നതാണ് ഉചിതമായിരിക്കുന്നത്. കാതോലികവും ഏകവുമായ സഭയിലെ പ്രത്യേക പൗരോഹിത്യത്തിലുടെയും എല്ലാ മേൽപട്ടക്കാരുടെയും സങ്കലനത്തിലൂടെയാണ് ഈ അപ്പോസ്തോലികത പ്രകടമാകുന്നത്. മാമോദീസാ, വി.കുർബ്ബാന, ദൈവവചനം തുടങ്ങി പരിശുദ്ധാത്മാവ് ഓരോ പ്രാദേശിക സഭയ്ക്കും സമ്പൂർണ്ണ സത്യങ്ങൾ പകർന്നു നല്കിയിരിക്കുന്നതായ സത്താപരമായ ഒരു കാതോലികതയാണ് ഇത് ധ്വനിപ്പിക്കുന്നത്.

ഇവിടെ അധികാരം കൺസിലിയാരിറ്റി തുടങ്ങിയ ചിന്താഗതികൾ ആവിർഭവിക്കുന്നു. ബിഷപ്പിന്റെ അപ്പോസ്തോലികത സഭുയടേതാണെന്ന് പറയുന്നതാണ് ശരിയായ സഭാശാസ്ത്രം. മേൽപ്പട്ടക്കാരനിൽനിന്നുമാണ് സഭയുടെ അപ്പോസ്തോലികത ബഹിർഗമിക്കുന്നതെന്ന് ആർക്കും ചിന്തിക്കുവാൻ സാദ്ധ്യമല്ല. ദൈവജനമാകുന്ന സമൂഹത്തിൽ പന്ത്രണ്ട് അപ്പോസ്തോലന്മാരിലൂടെ പരിശുദ്ധാത്മാവാണ് ആദ്യമായി സഭ സ്ഥാപിച്ചത്. മറ്റൊരു വിധത്തിൽ സഭയുടെ അപ്പോസ്തോലികതയെ മൂർത്തികരിക്കുന്നതിനുള്ള കൃപാവരത്താൽ മേൽപട്ടക്കാർ അനുഗ്രഹീതരാണ്. "എവിടെ ബിഷപ്പ് ഉണ്ടോ അവിടെ കാതോലിക

സഭ ഉണ്ട്" എന്ന അന്ത്യോഖ്യയിലെ മാർ ഇഗ്നാത്തിയോസിന്റെ പഠിപ്പിക്കലിനെ, സഭയിൽ ആകെയുള്ള ക്രീയാത്മകഘടകം ബിഷപ്പാണ് എന്ന നിലയിൽ വ്യാഖ്യാനിക്കുന്നത് ശരിയല്ല. മേൽപ്പട്ടക്കാരനും സഭയും എന്നത് ചേർന്ന് വരുന്ന ഒന്നാണെന്നും, പ്രാദേശികസഭയും അതിന്റെ ബിഷപ്പും കൂടി വരുമ്പോൾ പൂർണ്ണത ഉൾക്കൊള്ളുന്നു എന്നുമാണ് മാർ ഇഗ്നാത്യോസ് സ്പഷ്ടമാക്കുന്നത്. ലൗകീകമായ ഏതെങ്കിലും ഒരു തലവനെയോ, ഒരു പ്രത്യേക അപ്പോസ്തോലിക പിന്തുടർച്ചയുടെ സർവ്വപ്രമുഖതയേയോ ആശ്രയിച്ചിരിക്കുന്ന ഒന്നല്ല സഭ എന്ന് ഇതർത്ഥമാക്കുന്നു.

എപ്പോഴെല്ലാം ബിഷപ്പിന്റെ അധികാരത്തെ സംബന്ധിച്ച് ചിന്തിക്കുന്നോ അപ്പോഴൊന്നും ബിഷപ്പ് തലവനായിരിക്കുന്ന ക്രിസ്തുവിന്റെ ശരീരമായ സഭ എന്ന കുർബാനാധിഷ്ഠിത സമൂഹത്തെ വിഗണിക്കാനാവില്ല. ബിഷപ്പിന്റെ ഭരണപരവും ശുശ്രൂഷാപരവുമായ പ്രവർത്തനങ്ങൾ പരിശുദ്ധാത്മാവിന്റെ ദാനവും, പ്രാർത്ഥന, സമൂഹത്തിന്റെ അനുമതി, പിന്തുണ ഇവയുമായി സമഗ്രമായി ബന്ധപ്പെട്ടതും ആണ്. സുറിയാനി ആരാധനാ ക്രമങ്ങളിൽ അതായത് പൊതുവായ ഓർത്തഡോക്സ് പാരമ്പര്യങ്ങളിൻ പ്രകാരം കാർമ്മികൻ, ശുശ്രൂഷകൻ, വിശ്വാസികൾ എന്നിവരുടെ പാരസ്പര്യം അത്യന്താപേക്ഷിതമാണ്. ഒരു ശുശ്രൂഷകനെയും വിശ്വാസികളുടെ പ്രതിനിധിയേയും കൂടാതെ ഒരു കാർമ്മികന് വി. കുർബ്ബാന അനുഷ്ഠിക്കുവാൻ സാദ്ധ്യമല്ല. ബിഷപ്പിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരത്തിന്റെയും, വി.കുർബ്ബാനയ്ക്കായി കൂടി വരുന്ന സമൂഹത്തിന്റെ അധികാരത്തിന്റെ യും ആവശ്യവും പരസ്പരബന്ധവും ഇവിടെ ദർശിക്കാം. ഈ മാതൃക ഭദ്രാസന/ആഗോളനിലകളിലും ദൃശ്യമാണ്. ബിഷപ്പ് ആലോചനാസമിതിയോടൊപ്പം ചേരുമ്പോൾ അധികാരത്തിന്റെ പ്രതീകമായിത്തീരുന്നു. അത് ഒരു ഭദ്രാസസമിതിയാണെങ്കിൽ, വിവിധ ഇടവകകളെ പ്രതിനിധീകരിക്കുന്നതിനാൽ അതിന് പ്രാതിനിധ്യസ്വഭാവമുണ്ട്. പൊതു സുന്നഹദോസിന്റെ നിലയിലും തത്തുല്യമായ മാതൃകകൾ കാണാവുന്നതാണ് ബിഷപ്പ് സുന്നഹദോസ് / കൗൺസിൽ അംഗങ്ങളോട് ചേർന്നുകൊണ്ട് ക്രിസ്തുവിൽ നിന്നും ക്രിസ്തുവിന്റെ ശരീരമായ സഭയിലൂടെയും ഉൽഭവിച്ചതായ അധികാരത്തിന്റെ കൗദാശികഗുണം വെളിപ്പെടുത്തേണ്ടിയിരിക്കുന്നു. നവാഭിഷിക്തനാകുന്ന ബിഷപ്പിന് അംശവടി നല്കുന്ന ചടങ്ങ് കൂട്ടായ്മയുടെയും സഹവർത്തിത്വത്തിന്റെയും കൗദാശികഭാവപ്രകടനമാണെന്ന് പ്രഖ്യാപിക്കുവാൻ കഴിയും.

സുറിയാനി ആരാധനാ പാരമ്പര്യങ്ങൾ സഭയെ അപ്പോസ്തോലൻമാർക്കും അവരുടെ പിൻഗാമികൾക്കും മേലായി ശ്രേഷ്ഠവൽക്കരിക്കുന്നു. വ്യാഴാഴ്ചരാത്രി പ്രാർത്ഥനയിലെ യാക്കോബിന്റെ ബോവൂസായിലെ ഒരു ഭാഗം ശ്രദ്ധിക്കുക.

*ആർക്കുന്നേവം സഭ ഞാനേറ്റം മർദ്ദനമേൽപു*
*പുത്ര ശ്ലീഹന്മാരേ! യെൻ പേർക്കായ് പ്രാർത്ഥിപ്പിൻ*
*ദൈവതനുജൻ പ്രേഷകസവിധം പ്രാപിച്ചപ്പോൾ*
*ശേഷിപ്പിച്ചാൻ വൻ കോട്ടകളായ് നിങ്ങളെയെന്നിൽ*

ഇവിടെ അപ്പോസ്തോലന്മാർ സഭയുടെ മക്കളായി ചിത്രീകരിക്കപ്പെട്ടിരിക്കുന്നു.

ആതുകൊണ്ട് Counciliarity യും അധികാരവും സംയോജിതങ്ങളായ ആശയങ്ങളായതിനാൽ ഒന്നിൽ നിന്ന് വേറിട്ട് മറ്റൊന്നിനെക്കുറിച്ച് ചിന്തിക്കുക പ്രയാസമാണ്. അധികാരം എന്നത് ക്രിസ്തുവിന്റെ ശരീരത്തിന്റെ സാകല്യത്തിൽ നിക്ഷിപ്തമാണെന്നും സഭയിൽ നിലനിൽക്കുന്ന എല്ലാ അധികാരങ്ങളും പരിശുദ്ധാത്മാവിന്റെ ദാനമാണെന്നും പറയുവാൻ കഴിയണം. തന്മൂലം എല്ലാവിധ കല്പനകളും ക്രിസ്തുവിന്റെ ഇഷ്ടത്തിനും അവന്റെ ശരീരമാകുന്ന സഭയുടെ സർവ്വസമ്മതത്തിനും വിഷയീഭവിച്ചിരിക്കുന്നു.



## ഓർമ്മപ്പെരുന്നാൾ

**ഫിലിപ്പോസ് മാർ യൗസേബിയോസ്**

**മെത്രാപ്പോലീത്ത**

**പത്തനംതിട്ട മാർ ബേസിൽ ദയറ**

**ജനുവരി 21**

# ആരാണ് സഭാ പിതാക്കന്മാർ

ഫാ. ഡോ. കെ.എം. ജോർജ്ജ്

പൗരസ്ത്യ ഓർത്തഡോക്സ് പാരമ്പര്യത്തിലും പാശ്ചാത്യ (റോമൻ കത്തോലിക്കാ) പാരമ്പര്യത്തിലും സഭാപിതാക്കന്മാർക്ക് സുപ്രധാനമായ ഒരു സ്ഥാനമുണ്ട്. സഭയുടെ വിശ്വാസം, വേദശാസ്ത്രം എന്നിവയിലാണു പിതാക്കന്മാർക്ക് ആധികാരികമായ സ്ഥാനം നാം കൊടുക്കുന്നത്. എ.ഡി. 325–ലെ നിഖ്യാ സുന്നഹദോസിനു ശേഷം, "പിതാക്കന്മാരുടെ വിശ്വാസം" എന്ന പ്രയോഗം സഭയിൽ വേരുറച്ചു. അറിയോസിന്റെ വേദ വിപരീതത്തിനെതിരെ, സഭയുടെ സത്യവിശ്വാസമാണ് നിഖ്യായിൽ കൂടിയ പിതാക്കന്മാർ പ്രഖ്യാപിച്ചത്. അപ്പോൾ പിതാക്കന്മാരുടെ വിശ്വാസം എന്ന പ്രയോഗത്തിൽക്കാണുന്ന പിതാക്കന്മാരെ പൊതുവായ അർത്ഥത്തിൽ സത്യവിശ്വാസ സംരക്ഷകന്മാർ എന്നു നിർവ്വചിക്കാം. അങ്ങനെയെങ്കിൽ, സത്യവിശ്വാസം സംരക്ഷിച്ച നമ്മുടെ പൂർവ്വികന്മാർ എല്ലാവരും സഭാപിതാക്കന്മാരാണോ, അതോ ആ ബഹുമതി ഏതാനും ചിലർക്കു മാത്രമായി സഭ മാറ്റിവച്ചിരിക്കുകയാണോ?

"ആരാണ് സഭാപിതാക്കന്മാർ" എന്ന ചോദ്യത്തിന് വളരെ വ്യക്തമായ ഒരുത്തരം നല്കാൻ പൗരസ്ത്യ പാരമ്പര്യം മടിക്കുന്നു. എന്നാൽ റോമൻ കത്തോലിക്കാ സഭ അതിനു ചില വ്യക്തമായ മാനദണ്ഡങ്ങൾ കണ്ടുപിടിക്കാൻ ശ്രമിച്ചിട്ടുണ്ട്. അതു പിന്നാലെ കാണാം.

വിശുദ്ധ പൗലോസ് അപ്പോസ്തലൻ കോരിന്ത്യർക്ക് എഴുതുമ്പോൾ, സ്വയം അവരുടെ പിതാവ് എന്ന് വിശേഷിപ്പിക്കുന്നു. "നിങ്ങൾക്കു ക്രിസ്തുവിൽ പതിനായിരം ഗുരുക്കന്മാർ ഉണ്ടെങ്കിലും, പിതാക്കന്മാർ ഏറെയില്ല. ക്രിസ്തുയേശുവിൽ ഞാനല്ലോ നിങ്ങളെ സുവിശേഷത്താൽ ജനിപ്പിച്ചത്". (1 കൊരി. 4:15) കൊരിന്ത്യരെ ആത്മീയമായി വീണ്ടും ജനിപ്പിച്ചത് വിശുദ്ധ പൗലോസാണ്. അതുകൊണ്ട് അദ്ദേഹം അവരുടെ യഥാർത്ഥ പിതാവും, യഥാർത്ഥ ഗുരുവുമാണ്. അതിപുരാതനംകാലം മുതൽ, ഭാരതീയ സംസ്ക്കാരമുൾപ്പെടെയുള്ള പല സംസ്ക്കാരങ്ങളിലും ഗുരുവിന് പിതാവിന്റെ സ്ഥാനമാണ് നല്കുന്നത്. കാരണം മാനസികവും ആത്മീയവുമായ തലങ്ങളിൽ വ്യക്തിത്വത്തിന്റെ ഉത്ഭവവികാസങ്ങൾക്ക് കാരണഭൂതൻ ഗുരുവാണ്. ക്രിസ്തീയ സഭയുടെ ആദിമ നൂറ്റാണ്ടുകളിൽ എപ്പിസ്കോപ്പാമാരെയാണ് പിതാവ് എന്നു വിളിച്ചു വന്നത്. ഇതിനു രണ്ടു കാരണങ്ങളുണ്ട്. ഒന്നാമതായി, എപ്പിസ്ക്കോപ്പായാണു ക്രിസ്തീയ വിശ്വാസം പഠിക്കുന്ന യഥാർത്ഥ ഗുരു. എപ്പിസ്ക്കോപ്പാ ക്രിസ്തുവിന്റെ പ്രതീകവും സാന്നിദ്ധ്യവുമെന്ന നിലയിൽ ജനങ്ങളുടെ മദ്ധ്യത്തിൽ നിലകൊള്ളുന്നതുകൊണ്ട്, ക്രിസ്തുവിനെപ്പോലെ, ജനങ്ങളെ വിശ്വാസത്തെക്കുറിച്ച് പഠിപ്പിക്കുവാനുള്ള പ്രധാന ചുമതല അദ്ദേഹത്തിൽ നിക്ഷിപ്തമായിരിക്കുന്നു. അദ്ദേഹത്തിന്റെ നിയോഗപ്രകാരം മാത്രമാണു വൈദികരും ശെമ്മാശ്ശന്മാരും മറ്റുള്ളവരും സഭയിൽ പഠിപ്പിക്കുന്നത്. രണ്ടാമതായി, ജനങ്ങൾക്കു ക്രിസ്തുവിന്റെ നാമത്തിൽ സ്നാനം നല്കി. അവരെ പുതിയ ജീവിതത്തിലേക്കു നയിക്കാനുള്ള പ്രധാന ചുമതലയും എപ്പിസ്ക്കോപ്പാമാർക്കാണ്. വൈദികർ നിയോഗപ്രകാരം സ്നാനം നല്കുന്നുണ്ടെങ്കിലും, യഥാർത്ഥ കാർമ്മികൻ ബിഷപ്പാണ്. ആദ്യനൂറ്റാണ്ടുകളിൽ ഉയിർപ്പു പെരുന്നാളിനു മുമ്പുള്ള ആഴ്ചകളിൽ എപ്പിസ്ക്കോപ്പാ തന്നെ വിശ്വാസത്തെക്കുറിച്ചു സ്ഥാനാർത്ഥികളെ പഠിപ്പിക്കുകയും, ഉയിർപ്പിന്റെ തലേന്നാൾ അദ്ദേഹം തന്നെ അവരെ സ്നാനം കഴിപ്പിക്കുകയും ചെയ്തുപോന്നു. ഈ രണ്ട് ചുമതലകളും കണക്കിലെടുത്തുകൊണ്ടാണ് എപ്പിസ്ക്കോപ്പായെ (മെത്രാപ്പോലീത്തായെ) പിതാവ് എന്നു വിളിക്കുന്നത്.

നാലാം നൂറ്റാണ്ടോടുകൂടി പിതാവ് എന്ന പദം കുറെക്കൂടെ വിശാലമായ അർത്ഥത്തിൽ ഉപയോഗിച്ചു തുടങ്ങുന്നതായി കാണാം. വേദവിപരീതങ്ങൾ സഭയെ ഉലയ്ക്കുന്ന കാലഘട്ടമാണിത്. ക്രിസ്തീയ വിശ്വാസത്തിനു സൈദ്ധാന്തികവും ബുദ്ധിപരവുമായ രൂപവും ഘടനയും ഉണ്ടാകുന്നത് നാലാം നൂറ്റാണ്ടോടുകൂടിയാണ്. അലക്സാന്ത്രിയായിലെ അത്താനാസ്യോസ്, കപ്പദോക്യൻ പിതാക്കന്മാരായ ബസ്സേലിയോസ്, നാസിയാൻസിലെ ഗ്രീഗോറിയോസ്, നിസ്സായിലെ ഗ്രീഗോറിയോസ് തുടങ്ങിയവരാണ് ഈ കാലയളവിൽ ശ്രദ്ധേയരായത്. അറിയോസ്, അപ്പോല്ലിനാരിസ്, എവുനോമിയോസ് തുടങ്ങിയവരുടെ തെറ്റായ ഉപദേശങ്ങളെ നേരിട്ട്, സത്യവിശ്വാസം എന്താണെന്ന് വ്യക്തമാക്കിയവരാണിവർ. ഇവരുടെ പുസ്തകങ്ങളിൽ തന്നെ പിതാക്കന്മാരുടെ വിശ്വാസം എന്ന പ്രയോഗം കാണാം. പക്ഷേ, അതു നിഖ്യാ വിശ്വാസപ്രമാണത്തെ ഉദ്ദേശിച്ചാണ് പറയുന്നത്. ഇവരെല്ലാം തന്നെ മേല്പട്ടക്കാരായിരുന്നു. പിൽക്കാലത്ത് ഇവരെ സഭാ പിതാക്കന്മാരായി കരുതുകയും ചെയ്തു. എന്നാൽ നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മാർ അപ്രേം ഒരു ശെമ്മാശ്ശൻ മാത്രമായിരുന്നു. എങ്കിലും പൗരസ്ത്യ സഭയുടെ വലിയ പിതാക്കന്മാരിൽ ഒരാളാണ് അദ്ദേഹം.

(തുടരും....)

# 1653 ലെ കൂനൻ കുരിശുസത്യം മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഭാഗത്തുനിന്നുള്ള പ്രതിപതനങ്ങൾ – 3

ഫാ. ഡോ. റ്റി. ഐ. വർഗീസ്

ആർച്ചുബിഷപ്പ് ഗാർസിയായും അർക്കദിയോക്കൻ തോമസും തമ്മിലുള്ള വടംവലി അതിന്റെ മൂർദ്ധന്യതയിലെത്തിയിരുന്ന അവസരത്തിലാണ് അഹത്തള്ളാ പ്രത്യക്ഷനാകുന്നത്. ഇദ്ദേഹം ആരായിരുന്നു? എങ്ങനെ ആ സമയത്ത് ഇന്ത്യയിൽ വന്നു? ഈ ചോദ്യങ്ങൾക്ക് ഒരേ ഉത്തരം ചരിത്രകാരന്മാർ നൽകുന്നില്ല.

ഇ.എം. ഫിലിപ്പോസ് പറയുന്നു. "അദ്ദേഹം നിരവധി പീഡകൾ സഹിച്ചുവലഞ്ഞിരുന്ന തന്റെ സഭയെ റോമായുടെ നുകത്തിൽ നിന്നും രക്ഷിക്കുന്നതിനായി ഇറങ്ങി പുറപ്പെട്ടിരുന്ന അന്ത്യോഖ്യൻ സുറിയാനി സഭാദ്ധ്യക്ഷൻ ഇഗ്നാത്തിയോസ് പാത്രിയർക്കീസായിരുന്നു എന്ന് മലങ്കര സഭാംഗങ്ങൾ വിശ്വസിച്ചിരുന്നു". ഈ ധാരണയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ ചില പള്ളികൾ അഹത്തള്ളായുടെ പെരുന്നാൾ ആഘോഷപൂർവ്വം നടത്തിവരുന്നു. വസ്തുനിഷ്ഠമല്ലാത്ത ഒന്നു മനുഷ്യൻ വിശ്വസിച്ചതുകൊണ്ടുമാത്രം വസ്തുനിഷ്ഠമാണെന്നു വരുന്നതല്ലല്ലോ. എന്നാൽ ആ പേരിലൊരു പാത്രിയർക്കീസ് അന്ത്യോഖ്യൻ സുറിയാനി സഭയിലുണ്ടായിരുന്നതായോ, ആ കാലങ്ങളിൽ ഏതെങ്കിലും പാത്രിയർക്കീസ് ഇന്ത്യ സന്ദർശിച്ചതായോ രേഖയില്ലെന്ന് മാർ ഇഗ്നാത്തിയോസ് യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് റമ്പാനായി കേരളത്തിൽ ഇരുന്നകാലത്ത് പ്രസ്താവിച്ചത് ഈ എഴുത്തുകാരന് നേരിട്ടറിയാവുന്നതാണ്. 1648–49 ൽ തോമസ് ആർക്കദിയാക്കോൻ മലങ്കരയിലേക്ക് ബിഷപ്പിനെ അയച്ചു സഹായിക്കണമെന്ന് ചെയ്ത അഭ്യർത്ഥനയ്ക്കുത്തരമായി പാത്രിയർക്കീസ് തന്നെ, തന്റെ സ്വന്തസഭയോടുള്ള കടപ്പാടുകളൊന്നും കണക്കിലെടുക്കാതെ ഈ സാഹസത്തിന് ഒരുമ്പെടുമെന്നു വിശ്വസിക്കുവാൻ സാമാന്യബുദ്ധി അനുവദിക്കുന്നില്ല. അതിനാൽ പീലിപ്പോസിന്റെ നിലപാടിനെ അവഗണിക്കാതെ തരമില്ല.

അടുത്ത കാലങ്ങളിൽ പല റോമൻ കത്തോലിക്കാ ചരിത്രകാരന്മാരും അഹത്തള്ളായെ പറ്റി തെളിവുള്ളതായി അവകാശപ്പെടുന്നു. അന്ത്യോഖ്യൻ സുറിയാനി സഭയിലൊരു മേല്പട്ടക്കാരനായിരുന്ന ശേഷം 1631 ൽ റോമൻ കത്തോലിക്കാ സഭയുമായി ഐക്യപ്പെട്ടു കഴിഞ്ഞ ആളായിരുന്നു എന്നാണ്. (സുറിയാനി പാത്രിയർക്കാ തെരഞ്ഞെടുപ്പിൽ പരാജയപ്പെടുകയും കത്തോലിക്കാ ബന്ധം ആശ്ലേഷിക്കുകയും ചെയ്തു കെയ്റോയിൽ കഴിഞ്ഞുവരവെയാണ് മലങ്കരയിൽ നിന്നുള്ള മെത്രാനു വേണ്ടിയുള്ള ആവശ്യം കോപ്റ്റിക് പാത്രിയർക്കീസിനു ലഭിക്കുന്നതെന്നും ഈ പാത്രിയർക്കീസിൽ നിന്നും അതു മനസ്സിലാക്കിയ അഹത്തള്ള കേരളത്തിലേക്കു പുറപ്പെടുകയായിരുന്നു എന്നുമാണ്. എന്നാൽ അഹത്തള്ള അന്ത്യോഖ്യ പാത്രിയർക്കാ തെരഞ്ഞെടുപ്പിൽ നിന്നു മത്സരിച്ചു എന്നതു വിശ്വസനീയമായി തോന്നുന്നില്ല എന്നു ലേഖകൻ അഭിപ്രായപ്പെട്ടതിനുശേഷം ".. അഹത്തള്ളാ 1653 ൽ ഇന്ത്യയിലെത്തിയശേഷം സൂററ്റിൽ വച്ച് പോർട്ടുഗീസുകാർ അദ്ദേഹത്തെ ബന്ധനസ്ഥനാക്കി അവിടെ നിന്നും മൈലാപ്പൂരിൽ എത്തിച്ച് അവിടെ ഏതാനും കാലം തടങ്കലിൽ വച്ചു. ഗോവായിൽ കൊണ്ടുപോയി വിസ്തരിച്ചു നടപടി എടുക്കുകയായിരുന്നു പോർട്ടുഗീസുകാരുടെ ഉദ്ദേശ്യം.

ഇതിനകം മലങ്കരയിൽ നിന്നും തീർത്ഥാടനാർത്ഥം മൈലാപ്പൂരിലെ മാർ തോമ്മാ ശ്ലീഹായുടെ ശവകുടീരം സന്ദർശിക്കുവാൻ പോയിരുന്ന രണ്ടു വൈദികവിദ്യാർത്ഥികൾ യാദൃശ്ചികമായി അദ്ദേഹത്തെ കണ്ടുമുട്ടി. ഇട്ടി എന്നും കുര്യൻ എന്നും ഫിലിപ്പോസ് അവരുടെ പേരുകൾ എടുത്തുപറയുന്നു. അഹത്തള്ളായിൽ നിന്നും വിവരങ്ങൾ മനസ്സിലാക്കിയ ശെമ്മാശന്മാർ അദ്ദേഹം ഏല്പിച്ച കത്തുമായി കേരളത്തിലേക്കു മടങ്ങി. കത്തു വായിച്ചശേഷം അർക്കദിയാക്കോൻ മേല്പട്ടക്കാരന്റെ ആഗമനവാർത്ത സമുദായത്തിൽ ഉടനീളം പ്രസിദ്ധീകരിച്ചു. .. ജനമദ്ധ്യത്തിൽ വലിയ കോളിളക്കമുണ്ടായി. അതു ഗാർസിയായോടും പോർട്ടുഗീസുകാരായ ജസ്വീത്തരോടു പൊതുവെയുള്ള പ്രതികരണമല്ലാതെ റോമിനോടുള്ള വൈരുദ്ധ്യമായിരുന്നില്ലെന്ന് സ്ഥാപിക്കുവാൻ റോമൻ

കത്തോലിക്കാ ഗ്രന്ഥകാരന്മാർ വളരെയധികം ബദ്ധപ്പെടുന്നുണ്ട്. എന്നാൽ അർക്കദിയാക്കോനും അദ്ദേഹത്തോട് മമത പുലർത്തിയവരും അന്നു റോമിനെ ഹൃദയപൂർവ്വം അനുകൂലിക്കുമായിരുന്നു എന്നു കണ്ണുമടച്ചു പറയുക സാധ്യമല്ല. റോമൻ കത്തോലിക്കാ സഭയോടും ലത്തീൻ പാരമ്പര്യത്തോടുപോലും ആത്മാർത്ഥമായ പ്രീതി നിലനിർത്തുന്നവർ സഭയിലുണ്ടായിരുന്നു എന്നതിന് സംശയമില്ല. എന്നാൽ സമുദായം ആകമാനം റോമിനെ ഉള്ളുകൊണ്ട് ആദരിച്ചിരുന്നു എന്നു ശഠിക്കുന്നത് ശരിയായിരിക്കാൻ തരമില്ല. നേരെ മറിച്ച് പേർഷ്യൻ സഭയുടെയോ മറ്റേതെങ്കിലും പൗരസ്ത്യ സഭയുടെയോബന്ധം തുടർച്ചയായി ലഭിക്കുമെന്നുറപ്പുണ്ടായിരുന്നെങ്കിൽ പോർട്ടുഗീസുകാരെ മാത്രമല്ല റോമിനെയും ആകമാനം നിരാകരിക്കുവാൻ സന്നദ്ധമായ ഒരു വിഭാഗം മലങ്കര സഭയിലെന്നുമുണ്ടായിരുന്നു എന്ന പരമാർത്ഥമാണ് ചരിത്രം വിളിച്ചറിയിക്കുന്നത്. ആ വിഭാഗം തോമസിന്റെ പിമ്പിൽ നിസ്സന്ദേഹം അണി നിരക്കുകയും അദ്ദേഹം അവർക്ക് നേതൃത്വം നൽകുകയും ചെയ്യുമായിരുന്നു. സമുദായത്തെ മുഴുവനേയും തോമസിന്റെ നേതൃത്വത്തിലുൾപ്പെടുത്തുവാനുള്ള ശ്രമമാണ് ആ സമുദായ നേതാക്കൾ ചെയ്തത്. ആ ശ്രമത്തിൽ അവർ പരാജിതരായി എന്നു പിന്നാലെ കാണാവുന്നതാണ്. .. മൈലാപ്പൂരിൽ നിന്ന് അഹത്തള്ള അയച്ചിരുന്ന കത്തിൽ അദ്ദേഹം റോമാ പാപ്പായിൽ നിന്നും എല്ലാ അധികാരങ്ങളും പ്രാപിച്ച ഇന്ത്യയുടെയും ചൈനയുടെയും ആകമാന പാത്രിയർക്കീസ് ഇഗ്നാത്തിയോസ് ആണ് താനെന്നും സ്വയം വെളിപ്പെടുത്തിയിരുന്നതായി റോമൻ കത്തോലിക്കാ ചരിത്രകാരന്മാർ ചൂണ്ടിക്കാണിക്കുന്നു. പൗരസ്ത്യ സഭകൾ റോമൻ സഭാദ്ധ്യക്ഷനെ ആഗോളസഭയിലെ ഒരു പാത്രിയർക്കീസായി മാത്രമേ കരുതുന്നുള്ളൂ. അതിനാൽ അവരിലാരും റോമാപാപ്പായിൽ നിന്നും അധികാരം പ്രാപിച്ചു എന്നും സമ്മതിക്കാറില്ല. അഹത്തള്ളാ ആരായിരുന്നാലും അന്ത്യോഖ്യൻ സുറിയാനി പാത്രിയർക്കീസിന്റെ പേരിൽ ഇങ്ങനെയൊരു പ്രസ്താവന ചെയ്തിട്ടുണ്ടെങ്കിൽ അതു സത്യാവസ്ഥ പ്രതിബിംബിക്കുന്നതല്ല. ..

"റോമുമായുള്ള ബന്ധത്തിലായിരുന്നാലും പൗരസ്ത്യ പാരമ്പര്യത്തിൽ പെട്ട ഒരു മേല്പട്ടക്കാരനെ വേണമെന്നു സമുദായത്തിൽ ബഹുഭൂരിപക്ഷം പേരും ചിന്തിക്കുമായിരുന്നു. അന്നത്തെ സാഹചര്യസമ്മർദ്ദമായിരുന്നു കാരണം. റോമുമായി ഒരു ധാരണയുണ്ടാകുന്നതിൽ മടി പ്രദർശിപ്പിക്കാത്ത സ്ഥിതി സഭയിൽ രൂപം കൊണ്ടത് റോമിനോടുള്ള സ്നേഹം മൂലമായിരുന്നില്ല".

അഹത്തള്ളായുടെ കത്തിൽ അദ്ദേഹത്തെ പോർട്ടുഗീസുകാരുടെ പിടിയിൽ നിന്നും വിടുവിക്കാൻ കേരളക്രിസ്ത്യാനികൾ വേണ്ടതു ചെയ്യണമെന്ന ഭ്യർത്ഥിച്ചിരുന്നു. അതു സാധിക്കുവാൻ വേണ്ടി യത്നിക്കുവാൻ വലിയ ഒരു ജനപ്രവാഹം കൊച്ചിയിലേക്കു നീങ്ങി. അതിനകം അഹത്തള്ളായെ വഹിച്ചിരുന്ന കപ്പൽ കൊച്ചിയിലെത്തി. അദ്ദേഹത്തെ വിമുക്തനാക്കുവാൻ അവർ ആർച്ചുബിഷപ്പിന്റെ സഹായം തേടി. പോർട്ടുഗീസ് വിധേയത്വത്തിൽ കഴിയുന്ന മലങ്കര സഭയിൽ പോർട്ടുഗൽ രാജാവിന്റെ രേഖാമൂലമായ അനുവാദം കൂടാതെ യാതൊരു മെത്രാനെയും പ്രവേശിപ്പിക്കുകയില്ലെന്നും ഗാർസിയാ വ്യക്തമാക്കി. പോർട്ടുഗീസുകാരെ പിണക്കി നാട്ടു ക്രിസ്ത്യാനികളെ സഹായിക്കുവാൻ കൊച്ചിരാജാവ് മുതിരുമായിരുന്നില്ല. ഗാർസ്യാ നിരസിച്ച കാര്യം പോർട്ടുഗീസ് മേധാവികളും തിരസ്കരിച്ചു. ബലമുപയോഗിച്ച് മെത്രാപ്പോലീത്തായെ വിടുവിക്കുവാൻ നാട്ടുകാർ ശ്രമിച്ചേക്കുമെന്നുള്ള സാദ്ധ്യത മണത്തറിഞ്ഞ അധിപതികൾ അദ്ദേഹത്തെ ചുമന്നിരുന്ന കപ്പൽ വിട്ടു പോകുവാൻ ആജ്ഞയും നൽകി. ഈയവസരത്തിൽ പോർട്ടുഗീസുകാർ അഹത്തള്ളായെ വധിച്ചു സമുദ്രത്തിൽ താഴ്ത്തിയെന്നുള്ള ശ്രുതി ആരോ ജനമദ്ധ്യത്തിൽ പറഞ്ഞുപരത്തി. അതു കേട്ട കൊച്ചിരാജാവ് അത്യധികം ഖേദിച്ചു. ക്രിസ്ത്യാനികൾ കൂട്ടമായി മട്ടാഞ്ചേരിയിലുണ്ടായിരുന്ന പള്ളിയിൽ കൂടി എന്തുചെയ്യണമെന്നാലോചന കഴിച്ചു. അതിന്റെ അവസാനത്തിൽ അവർ ഒരു കൂട്ടപ്രതിജ്ഞ നടത്തി. ഇതിനെയാണ് "കൂനൻ കുരിശുസത്യം" എന്നു പറഞ്ഞുവരുന്നത്.

"ഈ പ്രതിജ്ഞ നടത്തിയ വിധത്തെപറ്റി ഏകാഭിപ്രായം ചരിത്രകാരന്മാരുടെയിടയിലില്ല. മലങ്കരയിൽ പ്രചരിച്ച വിധത്തിലതിങ്ങനെയാണ്. 1653 ജനുവരി 3- ാം തീയതിയാണ് സംഭവം നടന്നത്. ഭഗ്നാശയരായ ജനക്കൂട്ടം അന്നു മട്ടാഞ്ചേരിയിലെ പള്ളിയങ്കണത്തുകൂടി അവിടെ നിന്നിരുന്ന സ്വല്പം ചരിഞ്ഞ കുരിശിന്മേൽ കയറുകൾ ദീർഘമായി കെട്ടി ഓരോരുത്തരും അതിൽ പിടിച്ചുകൊണ്ടു ശപഥവാചകം ഉരുവിട്ടു. മറ്റൊരു പാരമ്പര്യം ഇതു സംബന്ധമായിട്ടുണ്ട്. അർക്കദിയാക്കോനുൾപ്പെടെ വൈദികരും ആദ്യം വന്നുചേർന്ന ജനങ്ങളും പള്ളിയകത്തുകയറി അവിടെ വച്ചു പ്രതിജ്ഞ എടുത്തു എന്ന് അത് ഊന്നിപ്പറയുന്നു. ആ സമയത്ത് പള്ളിക്ക് പുറത്തുനിന്നവർ കുരിശിൽ കയറുകെട്ടി ആ ശപഥത്തിൽ പങ്കുകൊണ്ടിരിക്കാം. ആ പ്രതിജ്ഞയെ പറ്റിയും ചരിത്രകാരന്മാർ ഏകാഭിപ്രായമല്ല രേഖപ്പെടുത്തുന്നത്. അത് ആർച്ചുബിഷപ്പ് ഗാർസിയായുമായുള്ള ബന്ധം

വിച്ഛേദിക്കുന്നതും ജസ്വിത്തരുമായുള്ള വേഴ്ച അവസാനിപ്പിക്കുന്നതും അർക്കദിയാക്കോനെ മാത്രംനേതാവായി സ്വീകരിക്കുന്നതുമായിരുന്നു എന്ന് റോമൻ കത്തോലിക്കാ ചരിത്രകാരന്മാർ പ്രസ്താവിക്കുന്നു. മറ്റുള്ളവരുടെ അഭിപ്രായത്തിൽ അതു റോമുമായുള്ള ബന്ധത്തെയും വേണ്ടെന്നു വയ്ക്കുവാനുദ്ദേശിച്ചുള്ളതായിരുന്നു. മലങ്കര സഭയിലന്നു മൂന്നു അഭിപ്രായങ്ങളെങ്കിലും നിലനിന്നിരുന്നു എന്നതിനു സംശയമില്ല. അവയിലൊന്നു ലത്തീൻ പാരമ്പര്യത്തെയും റോമാ അധീശത്വത്തെയും ആദരിച്ചിരുന്നു എന്നു പറയാം. രണ്ടാമത്തെ നിലപാട് ജസ്വീത്തരെ വിട്ടു റോമിന്റെ നേരിട്ടുള്ള നേതൃത്വം സ്വാഗതം ചെയ്യുമായിരുന്നു. മൂന്നാമത്തേത് റോമിനെയും നിരാകരിക്കുവാൻ മുതിരുമായിരുന്നു. ഈ മൂന്നു അഭിപ്രായക്കാരും പ്രതിജ്ഞയിൽ പങ്കുകൊണ്ടിരുന്നു. അവരെല്ലാം ഒരേ വിധത്തിൽ ആ ശപഥത്തെ മനസ്സിലാക്കി എന്നനുമാനിക്കുവാൻ ന്യായമില്ല.

ആ സംഭവത്തിനുശേഷം ഗാർസിയായുമായി സഹകരിക്കുവാൻ കുറേ കാലത്തേക്കു വളരെയാളുകളുണ്ടായിരുന്നില്ലായെന്ന് എല്ലാവരും സമ്മതിക്കുന്നുണ്ട്. 200 ഓളം അത്മായക്കാരും 15 നും 25 നും ഇടയിൽ പട്ടക്കാരും മാത്രമായിരുന്നു എന്നു ചിലരും 1000 ഓളം അത്മായക്കാരും 15 പട്ടക്കാരുമെന്ന് മറ്റു ചിലരും അഭിപ്രായപ്പെടുന്നു.

1653 ജനുവരി 3- ാം തീയതി മട്ടാഞ്ചേരിയിൽ വച്ചു നടന്ന സത്യപ്രതിജ്ഞ അർക്കദിയാക്കോന് ഒരു വലിയ വിജയമായിരുന്നു. സമുദായം മുഴുവനും അദ്ദേഹത്തിന്റെ നേതൃത്വം സ്വീകരിച്ചു. സാധാരണ ഗതിയിൽ നടക്കുക സാധ്യമല്ലാത്ത ഒരു സംഭവമായിരുന്നു അത്. പിന്നീട് ഒരു മാസത്തോളം കഴിഞ്ഞു. ഇടപ്പള്ളി പള്ളിയിൽ നടത്തുക പതിവുണ്ടായിരുന്ന മൂന്നു നോമ്പിനോടനുബന്ധിച്ചു കൂടിയ ജനസമൂഹവും അർക്കദിയാക്കോനെ സഭയുടെ ഭരണകർത്താവായി ഉദ്ഘോഷിച്ചു. അതിനും പുറമെ തോമസിനെ സഹായിക്കുവാൻ നാലു പ്രമുഖ വൈദികർ ചേർന്നുള്ള ഒരു കൗൺസിലിനെ ജനങ്ങൾ തെരഞ്ഞെടുത്തുനിയമിക്കുകയും ചെയ്തു. കുറവിലങ്ങാട്ടു പറമ്പിൽ ചാണ്ടി, അകപ്പറമ്പ് വേങ്ങൂർ ഗീവർഗീസ്, കടുത്തുരുത്തി കടവിൽ ചാണ്ടി, കല്ലിശ്ശേരി ആഞ്ഞിലിമൂട്ടിൽ ഇട്ടിതൊമ്മൻ ഇവരായിരുന്നു ആ നാലുപേർ. ഇവരെ തെരഞ്ഞടുത്തത് 1653 മെയിൽ നടന്ന ആലങ്ങാട്ടു യോഗത്തിൽ വച്ചായിരുന്നു എന്ന് ചൂണ്ടിക്കാണിക്കുന്ന ചരിത്രകാരന്മാരുണ്ട്.

"അതെങ്ങനെയായിരുന്നാലും ആലങ്ങാട്ട് യോഗം മെയ് 22-ാം തീയതി സമ്മേളിച്ചു. (ആ യോഗം) അർക്കദിയാക്കോൻ തോമസിനെ പന്ത്രണ്ടു പട്ടക്കാർ ചേർന്ന് എപ്പിസ്കോപ്പൽ സ്ഥാനത്തുപവിഷ്ടനാക്കി. ആ പന്ത്രണ്ടു പട്ടക്കാരിൽ അർക്കദിയാക്കോനെ സഹായിക്കുവാൻ നിയമിതരായ നാലംഗകമ്മറ്റിയിലെ വൈദികരുൾപ്പെട്ടിരുന്നു എന്നു തീർച്ചയായും പറയാം. അഥവാ കുറവിലങ്ങാട്ട് പറമ്പിൽ ചാണ്ടി കത്തനാർ അവരിലൊരാളായിരുന്നു.

"എപ്പിസ്കോപ്പൽ വാഴ്ചയ്ക്കുശേഷവും സ്വന്തനില സ്ഥാപിക്കുവാൻ മാർത്തോമ്മാ തന്ത്രങ്ങൾ പ്രയോഗിച്ചതായി അവർ (റോമൻ കത്തോലിക്കാ ചരിത്രകാരന്മാർ ) ആരോപിക്കുന്നുണ്ട്.

ഇവിടെ ഒരു സംഗതി ഓർക്കണം. പോർട്ടുഗീസുകാർക്ക് 1653 നടുത്തുള്ള കാലങ്ങളിൽ തെക്കേ ഇന്ത്യയിൽ സർവ്വാധിപത്യം തന്നെയുണ്ടായിരുന്നു. അന്ന് അവർക്കെതിരായി ശബ്ദമുയർത്തുവാൻ കേരളത്തിലൊരു ശക്തിയുമുണ്ടായിരുന്നില്ല. ആ സാഹചര്യത്തിൽ അവരെ എതിർക്കുവാൻ മുതിർന്നവർ ചെയ്തതെല്ലാം സാധൂകരിക്കത്തക്കതോ, വിമർശനാതീതമോ ആയിരുന്നു എന്നു വാദിക്കേണ്ട കാര്യമൊന്നുമില്ല. വീർപ്പുമുട്ടിയ അവസരത്തിൽ കേരള ക്രിസ്ത്യാനികൾ പല തെറ്റും ചെയ്തുപോയി. എങ്കിൽ അതു അന്നത്തെ റോമൻ കത്തോലിക്കാ സഭാ നേതൃത്വം അവരെ കൊണ്ടു ചെയ്യിച്ചതായിരുന്നു എന്നുവേണം പറയാൻ.

പന്ത്രണ്ടു പട്ടക്കാർ ചേർന്നു മാർത്തോമ്മാ ഒന്നാമനെ എപ്പിസ്കോപ്പൽ സ്ഥാനത്തുയർത്തിയ സംഭവത്തെ വളരെ നിന്ദാപൂർവ്വം വിവരിക്കുന്ന റോമൻ കത്തോലിക്കാ ചരിത്രകാരന്മാർ ഇന്നുമുണ്ട്. അവരുടെയും പൂർവികന്മാർ ചേർന്ന് ചെയ്ത പ്രവർത്തിയായിരുന്നു അതെന്നുള്ള വാസ്തവം പ്രതിപക്ഷത്തെ അവഹേളിക്കുവാനുള്ള വ്യഗ്രതയിൽ അവർ മറന്നുപോകുന്നു എന്നു തോന്നുന്നു. എന്നാൽ ആ സംഭവത്തെ സാധൂകരിക്കുവാൻ ആരും മുതിരുന്നില്ലെന്നുള്ളതാണ് വാസ്തവം. റോമൻ കത്തോലിക്കാ സഭയുമായി ചേരാതെ കഴിയുന്ന മലങ്കര സുറിയാനി സഭാ വിഭാഗം ആ വാഴ്ചയുടെ പിന്തുടർച്ചക്കാരാണവരെന്നവകാശപ്പെടുന്നില്ല. ഈ പരമാർത്ഥം ചൂണ്ടിക്കാണിക്കുന്നതിനോടു ചേർന്നു മറ്റൊരു കാര്യം അനുസ്മരണയർഹിക്കുന്നുണ്ട്. പട്ടക്കാർ മാത്രം ചേർന്നു മേൽപട്ടക്കാരെ വാഴിക്കുന്ന സംഭവങ്ങൾ ക്രൈസ്തവസഭയുടെ ആദിമ നൂറ്റാണ്ടുകളിലുണ്ടായിട്ടുണ്ട്. (വി. സി. ശമുവേൽ സഭ വളരുന്നു, 1984, പേജ് 135-143)

# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
# പൗരസ്ത്യ കാതോലിക്കേറ്റ്

## പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് നിശ്ചയങ്ങൾ

## 1976 – 1983

### സഭാംഗങ്ങൾ അറിഞ്ഞിരിക്കേണ്ട പ്രസക്ത ഭാഗങ്ങൾ

### (Codified and edited)

*(പരിശുദ്ധ സുന്നഹദോസ് നിശ്ചയങ്ങളിൽ നിന്ന് സഭാംഗങ്ങൾ അറിഞ്ഞിരിക്കേണ്ട പ്രസക്ത ഭാഗങ്ങൾ അംഗീകാരത്തോടുകൂടി പ്രസിദ്ധപ്പെടുത്തണമെന്ന് പ.സുന്നഹദോസ് നിശ്ചയിച്ചതനുസരിച്ച് പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായ പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവായുടെ കാലത്ത് 1976 മുതൽ നടത്തിയിട്ടുള്ള പ. സുന്നഹദോസുകളുടെ പ്രസക്ത നിശ്ചയങ്ങൾ സമാഹരിച്ച് പ്രകാശനം ചെയ്തിട്ടുള്ളവയാണ് ഇത്.)*

*(കഴിഞ്ഞ ലക്കം തുടർച്ച......)*

## VI

### 1978 നവംബർ 23-ാം തീയതി കൂടിയ സുന്നഹദോസ്

**പരുമല സെമിനാരിയുടെ ഭരണക്രമം**

പരുമല സെമിനാരിയുടെ നടത്തിപ്പിലേക്കുണ്ടാക്കിയതും 8-7-78 ൽ കൂടിയ പ. സുന്നഹദോസിന്റെ നിർദ്ദേശപ്രകാരം വേണ്ട നിയമോപദേശം നേടിയശേഷം എപ്പിസ്കോപ്പൽ സ്റ്റാന്റിംഗ് കമ്മറ്റി ഭേദഗതികൾ വരുത്തി പ. സുന്നഹദോസിൽ സമർപ്പിച്ചതുമായ ഭരണക്രമം ഏതാനും ഭേദഗതികളോടുകൂടി പ. സുന്നഹദോസ് പാസ്സാക്കുകയും ആയത് "These are only interim rules, subject to the provisions in the constitution of the Church and shall be superseded by a fully comprehensive set of rules prepared and passed by the Managing Committee and Synod of the Church" എന്നുള്ള വ്യവസ്ഥയോടുകൂടി നടപ്പിലാക്കുന്നതിനും പ. സുന്നഹദോസ് തീരുമാനിക്കുകയും ചെയ്തു.

## VII

### 1979 ഫെബ്രുവരി സുന്നഹദോസ്

**1. വി.കുമ്പസാരവും വി.കുർബ്ബാനാനുഭവവും:**

സഭാംഗങ്ങളുടെ വി.കുമ്പസാരവും വി.കുർബ്ബാനാനുഭവവും കൂടുതൽ കാര്യക്ഷമമാക്കുന്നതിനെപ്പറ്റി പ. സുന്നഹദോസ് അവഗാഢമായി ചിന്തിച്ചു.

സഭാംഗങ്ങൾ അധികകൂറും അവരുടെ രഹസ്യജീവിതത്തിലും സ്വന്തഭവനങ്ങളിലും പള്ളി ഇടവകകളിലും മെത്രാസനങ്ങളിലും സഭാതലത്തിലും രാഷ്ട്രീയം, സാമൂഹ്യം എന്നിങ്ങനെയുള്ള പൊതു ജീവിതത്തിലും മറ്റും ഇന്നു കാണിക്കുന്ന അച്ചടക്കരാഹിത്യത്തിനും ക്രമക്കേടുകൾക്കും മദ്യാപാനാസക്തി മുതലായ ദുർമ്മാർഗ്ഗ ജീവിതത്തിനും മറ്റും പല കാരണങ്ങൾ പറയാമെങ്കിലും അവയിൽ ഏറ്റവും പ്രധാനമായിട്ടുള്ളത് വി.കുമ്പസാരത്തിലും വി. കുർബ്ബാനാനുഭവത്തിലും അവർ കാണിക്കുന്ന അനാസ്ഥയാകുന്നുവെന്നു പ. സുന്നഹദോസ് വിചാരിക്കുന്നു. ഈ ദുഃസ്ഥിതിമാറ്റി സഭാംഗങ്ങൾക്കു ശിക്ഷണവും ആത്മീയ ഉണർവും ചുമതലാബോധവും ക്രമമായ വി.കുമ്പസാരവും വി. കുർബ്ബാനാനുഭവവും നിർബന്ധപൂർവ്വം നടപ്പിലാക്കേണ്ടതാണെന്നു പ. സുന്നഹദോസ് വിചാരിക്കുന്നു.

വിശ്വാസികൾ വി.കുർബ്ബാന കണ്ടാൽ മാത്രം പോരാ, അനുഭവിക്കുകയും ചെയ്യണമെന്നുള്ളത് അവരുടെ ആത്മാവിന്റെ രക്ഷയ്ക്ക് അത്യന്താപേക്ഷിതമാകുന്നു. അവർ ക്രമമായി കർത്താവിന്റെ തിരുശരീര രക്തങ്ങൾ അനുഭവിച്ച് ആത്മീയ ജീവൻ പ്രാപിച്ചുവേണം വളരുവാൻ. ആയതിനു താഴെപ്പറയുന്ന കാര്യങ്ങൾ എല്ലാവരും പാലിക്കേണ്ടതാകുന്നു.

1. കഴിവുള്ളടത്തോളം എല്ലാ ഞായറാഴ്ചകളിലും മോറാനായ പെരുന്നാളുകളിലും വി. കുർബ്ബായിൽ സംബന്ധിക്കുകയും വി.കുർബ്ബാന അനുഭവിക്കുകയും വേണം.
2. പതിവായി വി.കുർബ്ബാന അനുഭവിക്കുന്നതിന് മേല്പട്ടക്കാർ അവരുടെ ചുമതലയിൽപ്പെട്ട ജന

ത്തിനു വേണ്ട ഉത്തേജനം നല്കുകയും അതിനു ആവശ്യമായ നടപടികളെടുക്കുകയും അതു സംബന്ധിച്ച് വേണ്ട നിർദ്ദേശങ്ങൾ അവരുടെ കീഴിലുള്ള പട്ടക്കാർക്ക് കൊടുക്കുകയും വേണം.

3. വി.കുമ്പാസരത്തിന്റെയും വി.കുർബ്ബാനാനുഭവത്തിന്റെയും പ്രാധാന്യത്തെപ്പറ്റി പട്ടക്കാർ വിശ്വാസികളെ പൊതുവായും പ്രത്യേക സംഘങ്ങളായും വ്യക്തികളായും ഉദ്ബോധിപ്പിക്കേണ്ടതാണ്.

4. പാപം ചെയ്തുപോയതായി ബോദ്ധ്യപ്പെടുന്ന മേല്പട്ടക്കാരും, പട്ടക്കാരും വി.കുമ്പസാരം നടത്താതെ വി.കുർബ്ബാന നടത്തുകയും അനുഭവിക്കുകയും ചെയ്യുന്നതു യോഗ്യമല്ല. അതിനു സൗകര്യമില്ലാത്ത ചുറ്റുപാടുകളിൽ ജീവിക്കുന്നവർ സ്വയപരിശോധനയും കുമ്പസാരക്രമത്തിൽ കൊടുത്തിരിക്കുന്ന പ്രാർത്ഥനകളും സ്വയമായ മറ്റു പ്രാർത്ഥനകളും നടത്തി ദൈവത്തോട് മാപ്പപേക്ഷിച്ചശേഷം വേണം വി.കുർബ്ബാന ചൊല്ലുവാൻ. അവസരം കിട്ടുന്ന ഏറ്റവും അടുത്ത സന്ദർഭത്തിൽ കുമ്പസാരിക്കുകയും വേണം.

5. വി.കുർബ്ബാന ചൊല്ലുന്ന പട്ടക്കാരൻ മാത്രം വി. കുർബ്ബാന അനുഭവിച്ചാൽ പോരാ. കുർബ്ബാനയ്ക്കു കൂടുന്ന ശുശ്രൂഷക്കാരും, സഹായിക്കുന്നവരും പള്ളിയിൽ സന്നിഹിതരായിരിക്കുന്ന ജനങ്ങളും വി.കുർബ്ബാന അനുഭവിക്കാൻ കടപ്പെട്ടവരാകുന്നു. ആയതിനു അതതു പള്ളികളിലെ പട്ടക്കാർ നിഷ്കർഷിക്കേണ്ടതാകുന്നു.

6. വി.കുമ്പസാരവും വി.കുർബ്ബാനാനുഭവവും അന്യോന്യം ബന്ധപ്പെട്ടവയാണെങ്കിലും അവ രണ്ടും പ്രത്യേക കൂദാശകളാകുന്നു. പാപം ചെയ്തു പോയതായി ബോധ്യമുള്ള ആളുകൾ വി. കുമ്പസാരം നടത്തി പാപമോചനം പ്രാപിച്ചല്ലാതെ വി.കുർബ്ബാന അനുഭവിക്കുന്നതു ശരിയല്ലാത്തതും അതിനെതിരായി ചെയ്യുന്നത് ശിക്ഷാവിധിക്കല്ലാതെ ആത്മീയ വർദ്ധനവിന് ഉതകുന്നതല്ലാത്തതുമാകുന്നു.

7. നാല്പതു ദിവസത്തിലൊരിക്കലോ, ആണ്ടിലൊരിക്കലോ വി.കുർബ്ബാന അനുഭവിക്കണമെന്നു പറയുന്നത് ശരിയായ നിർവ്വചനമല്ല. പാപത്തിൽ ജീവിക്കുന്നതു തെറ്റാകയാൽ പാപം ചെയ്യാതിരിപ്പാൻ സൂക്ഷിക്കുകയും ഏതെങ്കിലും അവസരത്തിൽ പാപബോധമുണ്ടായാൽ കുമ്പസാരിക്കുകയും ചെയ്യേണ്ടതാകുന്നു. ഒരു കുമ്പസാരം കഴിഞ്ഞാൽ നാല്പതുദിവസങ്ങൾക്കുള്ളിൽ കുമ്പസാരിക്കണമെന്നു പറയുന്നതും, രണ്ടും സാമാന്യ നിർദ്ദേശങ്ങളെന്നേയുള്ളൂ. എന്നാൽ ആണ്ടിലൊരിക്കലെങ്കിലും കുമ്പസാരിക്കാത്ത ആളിനെ സഭാംഗമായിപ്പോലും പരിഗണിക്കുവാൻ പ്രയാസമാണ്. അങ്ങനെയുള്ളവർ നമ്മുടെ പള്ളിപൊതുയോഗങ്ങളിൽ സംബന്ധിക്കുവാൻ സഭാഭരണഘടന അനുവദിക്കുന്നില്ല. ക്രമമായി കുമ്പസാരിച്ച് വി.കുർബ്ബാന അനുഭവിക്കാത്തവർ പള്ളി ഇടവകളിലെയോ, മെത്രാസന ഇടവകളിലെയോ, പൊതുസഭകളിലെയോ ഔദ്യോഗിക സമിതികളിൽ അംഗങ്ങളായിരിക്കുന്നത് ഗുണത്തിനു പകരം ദോഷമുണ്ടാക്കുന്നതായിരിക്കും. അങ്ങനെ വരാതിരിക്കാൻ മേല്പട്ടക്കാരും പട്ടക്കാരും ജനങ്ങൾക്കു വേണ്ട ഉദ്ബോധനം കൊടുക്കണം.

8. ഏതെങ്കിലും ഗണ്യമായ പാപം ചെയ്തതായി മനഃസാക്ഷിപ്രകാരം ബോദ്ധ്യമില്ലെങ്കിലും ഒരുവൻ ദൈവമുമ്പാകെ നീതിമാനാണെന്നുവരികയില്ല. അങ്ങനെയുള്ളവർക്ക് നമ്മുടെ കുമ്പസാരക്രമത്തിലുള്ള തക്കമായ ഒരുക്കപ്രാർത്ഥനകളും ഏറ്റുപറച്ചിൽ പ്രാർത്ഥനകളും (മൗദ്യോനൂസോ) സ്വയമായി ചൊല്ലി പട്ടക്കാരന്റെ മുമ്പാകെയുള്ള ഏറ്റുപറച്ചിൽ (കുമ്പസാരം) കൂടാതെ പട്ടക്കാരനിൽ നിന്നു ഹൂസ്സോയോ (പാപമോചനം) പ്രാപിച്ചശേഷം വി.കുർബ്ബാന അനുഭവിക്കാവുന്നതാണ്. അപ്രകാരം വി.കുർബ്ബാന അനുഭവിക്കുന്നവർ സ്വന്ത ഒരുക്കത്തോടും, ഉപവാസത്തോടും അപ്രകാരം ചെയ്യേണ്ടതാകുന്നു. അവർ പട്ടക്കാരന്റെ സൗകര്യം നോക്കി പള്ളിയിൽ വന്ന് ഹൂസ്സോയോ പ്രാപിക്കേണ്ടതും പട്ടക്കാർ അതിനുവേണ്ടി വി. കുർബ്ബാനയ്ക്കു മുമ്പ് സൗകര്യപ്രദമായ സമയം നിശ്ചിയിച്ച് ജനങ്ങളെ അറിയിക്കേണ്ടതുമാകുന്നു. തലേ ദിവസമോ, തൂയോബായ്ക്കുമുമ്പോ, തൂയോബാ കഴിഞ്ഞോ, അപ്രകാരം ചെയ്യാവുന്നതാണ്.

## 2. Churchising Children (Children's Church Induction - കുട്ടികളുടെ സഭാപ്രതിഷ്ഠ)

വി. മാമ്മോദീസാ ഏറ്റ് സഭാംഗത്വം പ്രാപിക്കുകയും വി. മൂറോനഭിഷേകം നടത്തുകയും ചെയ്തിട്ടുള്ള കുട്ടികൾക്ക് മാമ്മോദീസായിൽ അവർക്കുവേണ്ടി മദ്ധ്യസ്ഥൻ (തലതൊട്ടപ്പനോ, തലതൊട്ടമ്മയോ) ഏറ്റു പറഞ്ഞിട്ടുള്ളവയും ഭരമേറ്റിട്ടുള്ളവയുമായ കാര്യങ്ങളെപ്പറ്റിയും ചെയ്തിട്ടുള്ള പ്രതിജ്ഞകളെപ്പറ്റിയും യൗവ്വനത്തിലേയ്ക്ക് കടക്കുന്ന അവർ പ്രായപൂർത്തീയാകുമ്പോൾ അനുഷ്ഠിക്കേണ്ട സഭാപരവും സാമൂഹ്യപരവുമായ ചുമതലകളെപ്പറ്റിയും, ഉത്തരവാദിത്വങ്ങളെപ്പറ്റിയും ആയതിന് അവർ പാലിക്കേണ്ട ജീവിതപ്രമാണങ്ങളെപ്പറ്റിയും നിഷ്ഠകളെപ്പറ്റിയും മറ്റും അവർക്കു ബോദ്ധ്യം വരുത്തുന്നതിനുവേണ്ടി ഓരോ വർഷവും തന്നാണ്ടിൽ പന്ത്രണ്ടുവയസ്സു തികയുന്ന ബാലികാബലന്മാരെ പ്രത്യേക ദിവസം നിശ്ചയിച്ച് കൂട്ടിവരുത്തി വേണ്ട ഉപദേശങ്ങൾ കൊടുക്കുകയും അവരുടെ കുമ്പാസരം കേട്ട് അവർക്കു പാപമോചനം നല്കി വി.കുർബ്ബാന

കൊടുക്കുകയും വേണം. അവരുടെ ജീവിതത്തിലെ ഏറ്റവും പ്രധാന ദിവസങ്ങളിലൊന്നായി ആ ദിവസത്തെ അവർ പരിഗണിക്കത്തക്കവണ്ണം തക്കതായ സംവിധാനങ്ങൾ തദവസരത്തിൽ ക്രമീകരിക്കുന്നതിന് പട്ടക്കാർ ശ്രദ്ധിക്കണം.

3. **ശുശ്രൂഷവേളകളിൽ ഫോട്ടോ എടുക്കുന്നതിനെപ്പറ്റി:**

ഫോട്ടോകളെടുക്കുന്നതും അവ സൂക്ഷിക്കുന്നതും പലകാരണങ്ങളാൽ ആവശ്യമുള്ളതാകയാൽ അതിനെ പരിപൂർണ്ണമായി നിരോധിക്കാവുന്നതല്ല. എന്നാൽ കാർമ്മികന്റെയും ശുശ്രൂഷകളിൽ സംബന്ധിക്കുന്നവരുടെയും ശ്രദ്ധ പതറുകയും ശുശ്രൂഷകൾക്ക് പ്രതിബന്ധമുണ്ടാക്കുകയും ചെയ്യാതിരിക്കത്തക്കവണ്ണം ഫോട്ടോ എടുക്കുന്നവർ സൂക്ഷിക്കുകയും പട്ടക്കാർ അനുവദിക്കുന്ന പ്രത്യേക സന്ദർഭങ്ങളിൽ മാത്രം ഫോട്ടോ എടുക്കുകയും ചെയ്യേണ്ടതാകുന്നു.

4. **സാദീക്കോ സമയത്ത് മാർത്തോമ്മാശ്ലീഹായെ ഓർക്കുന്നതിനെപ്പറ്റി:**

ശുശ്രൂഷകളിലും നമസ്കാരങ്ങളിലും പരിശുദ്ധന്മാരെ ഓർക്കുന്ന കുക്കീലിയോൻ-ധൂപപ്രാർത്ഥന (സാദീക്കോ) ചൊല്ലുമ്പോൾ (ഒരുപോലിങ്ങും മാർ.... എന്ന ആദ്യത്തെ അടിയിൽ എക്ബാ ഗീതത്തിൽ) നമ്മുടെ എല്ലാ പള്ളികളിലും ഒരുപോലെ മലങ്കര സഭാ സ്ഥാപകനായ മാർത്തോമ്മാശ്ലീഹായുടെ പേര് ഓർക്കേണ്ടതും തുടർന്നുള്ള ഗീതങ്ങളിൽ (കോലോകൾ) ആ പള്ളിയുടെ പ്രത്യേക പരിശുദ്ധന്റെയും ആവശ്യമെങ്കിൽ മറ്റ് പരിശുദ്ധന്മാരുടെയും പേരുകൾ ഓർക്കേണ്ടതുമാകുന്നു. എന്നാൽ ഏതെങ്കിലും മറ്റു പരിശുദ്ധന്റെ പെരുന്നാളാണെങ്കിൽ മാർത്തോമ്മാശ്ലീഹായുടെ പേര് ഓർക്കുന്ന ആദ്യത്തെ ഏക്ബായിൽ ആ പരിശുദ്ധന്റെ പേര് ഓർക്കാവുന്നതാണ്.

5. **പ്രസിദ്ധീകരണ ഡിപ്പാർട്ടുമെന്റ്:**

സഭാപുസ്തകങ്ങൾ മുദ്രണംചെയ്തു പ്രസിദ്ധപ്പെടുത്തുന്നതിന് സഭയ്ക്ക് ഒരു പ്രസിദ്ധീകരണ ഡിപ്പാർട്ടുമെന്റ് ഉണ്ടാകണമെന്നും സഭയുടെ ആരാധനക്രമങ്ങൾ, ശുശ്രൂഷക്രമങ്ങൾ, വിശ്വാസം, പട്ടത്വം, ഉപദേശം, ഭരണഘടന, ശിക്ഷണം (Discipline), പാരമ്പര്യങ്ങൾ (Traditions), നടപ്പുകൾ (Practices), മാമൂലുകൾ (Customs), നിയമങ്ങൾ, കാനോനാകൾ, ചരിത്രങ്ങൾ മുതലായവ സംബന്ധിച്ച ഔദ്യോഗിക പ്രസിദ്ധീകരണങ്ങൾ പ്രസ്തുത ഡിപ്പാർട്ടുമെന്റിന്റെ ചുമതലയിലും പ. സുന്നഹദോസിന്റെ നിയന്ത്രണത്തിലും പ്രസിദ്ധപ്പെടുത്തണമെന്നും അങ്ങനെയല്ലാതെ പ്രസിദ്ധപ്പെടുത്തുന്ന പുസ്തകങ്ങൾ സഭയുടെ ഔദ്യോഗിക പുസ്തകങ്ങൾ ആയിരിക്കുകയില്ലെന്നും തീരുമാനിച്ചു. പ. കാതോലിക്കാബാവാ പ്രസിഡന്റായുള്ള ഒരു പ്രസിദ്ധീകരണ കമ്മറ്റിയെ പ്രസ്തുത പ്രസിദ്ധീകരണ ഡിപ്പാർട്ടുമെന്റ് കൈകാര്യ ചെയ്യുന്നതിന് നിശ്ചയിച്ചു.

6. **Inter-Chruch Aids and Projects Committee**

Inter - Chruch Aids വാങ്ങുന്നതിനായുള്ള അപേക്ഷകൾ പരിശോധിക്കുന്നതിന് ഒരു പ്രോജക്ട് കമ്മിറ്റി ഉണ്ടായിരിക്കണമെന്നും ആയതിന്റെ പ്രസിഡന്റ് മാത്യൂസ് മാർ കൂറീലോസ് മെത്രാപ്പോലീത്തായും സെക്രട്ടറിയും കൺവീനറും ഗീവറുഗീസ് മാർ ദിയസ്ക്കോറോസ് മെത്രാപ്പോലീത്തായും ആയിരിക്കണമെന്നും പ്രോജക്ട് കമ്മിറ്റി അപേക്ഷകൾ പരിശോധിച്ച് അവരുടെ ശുപാർശകളോടുകൂടി Inter-Church Relations Committee യിൽ അവ സമർപ്പിക്കണമെന്നും പ്രസ്തുത കമ്മറ്റി അപേക്ഷകളും ശുപാർശകളും പരിഗണിച്ച് അവരുടെ ശുപാർശകളോടുകൂടി സുന്നഹദോസ് സ്റ്റാന്റിംഗ് കമ്മിറ്റിയിൽ സമർപ്പിച്ച് കമ്മിറ്റിയുടെ അംഗീകാരം വാങ്ങേണ്ടതാണെന്നും നിശ്ചയിച്ചു.

7. **കാതോലിക്കാദിനപ്പിരിവിൽനിന്നുള്ള ഭദ്രാസന മെത്രാപ്പോലീത്താമാരുടെ വിഹിതം:**

കാതോലിക്കാദിനപ്പിരിവിൽനിന്ന് ഭദ്രാസന മെത്രാപ്പോലീത്തന്മാർക്ക് കൊടുത്തുകൊണ്ടിരിക്കുന്ന വിഹിതം മേലിൽ ഒരുമിച്ചുചേർത്ത് എല്ലാ ഭദ്രാസന മേല്പട്ടക്കാർക്കും സഹായ മേല്പട്ടക്കാർക്കുമായി ഒരുപോലെ വീതിച്ചു കൊടുക്കണമെന്നു തീരുമാനിച്ചു.

8. **വി.കുർബ്ബാനയിലും മറ്റും സഹായ മേല്പട്ടക്കാരന്റെയും പേര് ഓർക്കേണ്ടതാണെന്ന് നിശ്ചയിച്ചു.**

9. **സൺഡേസ്കൂൾ പാഠപുസ്തകങ്ങൾ**:

ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ കരിക്കുലം കമ്മിറ്റി തയ്യാറാക്കുന്ന സൺഡേസ്കൂൾ പാഠപുസ്തകങ്ങൾ നമ്മുടെ സൺഡേസ്കൂളിൽ ഉപയോഗിക്കത്തക്കവണ്ണം നമ്മുടെ സൺഡേസ്കൂൾ പാഠ്യപദ്ധതി കമ്മിറ്റിയും കരിക്കുലം കമ്മിറ്റിയിലെ നമ്മുടെ സഭാംഗങ്ങളും യോജിച്ചു ആവശ്യമായ വ്യത്യാസങ്ങളും കൂടുതൽ അദ്ധ്യായങ്ങളും ഉണ്ടാക്കുന്നതിന് നിർദ്ദേശം കൊടുക്കണമെന്നും നിശ്ചയിച്ചു.

10. **കാതോലിക്കേറ്റ് സെന്റെഴ്സ്:**

നമ്മുടെ സഭയിലെ കക്ഷിവഴക്കുള്ള കേന്ദ്രങ്ങളിൽ നമ്മോടനുകൂലിച്ചു നില്ക്കുന്നവർക്ക് വേണ്ട ഉത്തേജനം നല്കുന്നതിനായി കാതോലിക്കേറ്റ് സെന്റെഴ്സ് ഉണ്ടാക്കണമെന്നു നിശ്ചയിച്ചു.

# ശ്രുതിയും താളവും

കവിത

ഡോ. ജെ.കെ.എസ്.വീട്ടൂർ

കടലിന്റെയിരമ്പലിനൊപ്പം
കഥപറയും കരുമാടികളും
തിരപോലെ ചിന്തകളുയരും
മുടിനീട്ടിയ സഞ്ചാരികളും
കരയണയും തോണികൾ കാത്ത്
ഇമവെട്ടാതിരുൾ മിഴിമാരും
തിരമായ്ക്കും പേരുകളെഴുതി
തിരയെണ്ണിയിരിക്കുന്നവരും
ആകാശച്ചോപ്പിൽ നോക്കി
ആത്മാവു തണുപ്പിപ്പോരും
മരുവുന്നൊരു തീരത്തിപ്പോൾ
മനമുരുകിപ്പാടുന്നു ഞാൻ
രവിബിംബം കേൾക്കുന്നുണ്ടാം
മുഖമാകെച്ചോന്നു തുടുത്തു
പത്രങ്ങൾ ചേർന്നൊഴുകുന്ന
പക്ഷികളും കാണുന്നുണ്ടാം
വേഗത്തിൽ ചിറകുകൾ വീശി
വിശ്രാന്തി തേടുന്നവയും
കടൽ നീന്തിക്കയറി വരുന്ന
കാറ്റിന്റെ കരങ്ങൾ പോരാ
കരളിന്റെ തന്ത്രിതകർക്കും
കദനങ്ങൾ വീശിയടക്കാൻ.
തെങ്ങോലയിലൂഞ്ഞാലാടും
പൈങ്കിളിയെൻ പാട്ടുകൾ കേട്ടോ
ഇല്ലില്ലയവയ്ക്കൊരുനാളും
ഇണ്ടൽതൻ തീണ്ടലുമില്ല.

അകലത്തൊരു ചാളത്തടിയിൽ
ചുണ്ടക്കൈ പേറുന്നവനും,
ഓളങ്ങളിലൂഞ്ഞാലാടും
പാഴ്ത്തടിയിൽ കഴലുകളൂന്നി
ഇരുമിഴിയാൽ പരൽമീനുകളെ
ലക്ഷ്യമിടും നീർക്കാക്കകളും,
ആമഗ്നം ആശകളിന്മേൽ
അവരുണ്ടോ പാഴ്ശ്രുതികേൾപ്പൂ.
ശ്രുതിയൊത്ത് താളവുമൊത്ത്
ഇന്നലെ ഞാൻ പാടിയിരുന്നു
പൊരിവെയിലിൽ വാടിവരുന്നോർ
ചുമടേറ്റിച്ചുമലു തളർന്നോർ
ഗതികിട്ടാപ്പാത ചവിട്ടി
താരുണ്യം കെട്ടുനശിച്ചോർ
അവരെന്നുടെ ഗാനലയത്തിൻ
പീയൂഷം സേവിച്ചവരാം
അറിയുന്നൊരു താളമതെല്ലാം
ഇന്നലെ ഞാനാടിത്തീർത്തു,
മനമറിയും ശീലുകളെല്ലാം
എന്നേ ഞാൻ മൂളിത്തീർത്തു,
ഗാനങ്ങൾ തീർന്നൊരു മുരളി
മണിപോയ ചിലങ്കയുമൊപ്പം
അലയാഴിയിലേതോ രാഗ
ശ്രുതികേട്ടു കേട്ടില്ലെന്നോ
അതിലെന്നുടെ ശീലുകൾ നന്നായ്
ചേരുന്നു ഞാനൊഴുകട്ടെ.

---

**11. സൺഡേ സ്കൂൾ പ്രസ്ഥാനത്തിനായുള്ള കവർ പിരിവ്:**

പല കവർ പിരിവുകൾ ഉള്ളതിനാൽ സാധാരണ രീതിയിൽ ഇടവകപ്പള്ളികൾക്ക് പ. കാതോലിക്കാ ബാവാ കല്പന കൊടുത്ത് കവർ പിരിവു നടത്തുന്നതിന് സൺഡേസ്കൂൾ പ്രസ്ഥാനത്തിന് അനുമതി കൊടുക്കേണ്ടതില്ലെന്നും എന്നാൽ കവർ പിരിവിനായി പ്രസ്ഥാന പ്രസിഡന്റിന് കല്പന അയയ്ക്കാമെന്നും അങ്ങനെ അയക്കുന്ന കല്പന അതതു പള്ളി ഇടവകയിലെ സൺഡേ സ്കൂൾ യൂണിറ്റിനല്ലാതെ പള്ളി ഇടവകയ്ക്ക് പൊതുവായി അയയ്ക്കരുതെന്നും ഓരോ യൂണിറ്റിനുമയയ്ക്കുന്ന കല്പന പള്ളിയിൽ പൊതുവായി വായിക്കാവുന്നതാണെന്നും തീരുമാനിച്ചു.

**12. Marriage Assistance Foundation (MAF) and Sick Aid Foundation (SAF)**

ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ നടത്തിക്കൊണ്ടിരിക്കുന്ന MAF, SAF എന്നീ രണ്ടു പ്രസ്ഥാനങ്ങളും ഏറ്റെടുത്ത് സഭവകയായി നടത്തണമെന്നുള്ള ഭാരവാഹികളുടെ അപേക്ഷ അംഗീകരിക്കുകയും രണ്ടു പ്രസ്ഥാനങ്ങളുടെയും അദ്ധ്യക്ഷനായി ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായെയും ഗീവർഗീസ് മാർ ദീയസ്കോറോസിനെയും നിയമിക്കണമെന്നു നിശ്ചയിക്കുകയും ചെയ്തു.

*(തുടരും.....)*

# രാഷ്ട്രീയ രംഗത്ത് സഭയുടെ ഭാഗഭാഗിത്വം - 3

## രാഷ്ട്രീയത്തിലെ അഴിമതികൾ

വെരി. റവ. പി.യു.കുര്യാക്കോസ് കോറെപ്പിസ്കോപ്പാ

രാഷ്ട്രീയത്തിലെ അഴിമതി മറ്റെല്ലാ അഴിമതിയുടെയും മാതാവാണ്. കാരണം രാഷ്ട്രീയ പാർട്ടികളുടേയോ നേതാക്കളുടെയോ പിന്തുണയില്ലാതെ ഉദ്യോഗസ്ഥർക്ക് അഴിമതി നടത്തുവാനും പിടിയിലാകാതെ സ്വയം രക്ഷിക്കുവാനും കഴികയില്ല. രാഷ്ട്രീയക്കാരുടെ അഴിമതി രാജ്യത്തിന്റെ അപചയത്തിനുള്ള പ്രധാനകാരണമാണ്.

1973 ൽ സമാധാനത്തിനുള്ള നോബൽ സമ്മാനം നേടിയ അമേരിയ്ക്കൻ നയതന്ത്രജ്ഞൻ ഹെൻട്രി കിസിഞ്ജരുടെ വാക്കുകൾ ശ്രദ്ധേയമാണ്. "അഴിമതിക്കാരായ രാഷ്ട്രീയക്കാർ ബാക്കിയുള്ള പത്തുശതമാനം പേർക്ക് കൂടി ചീത്തപ്പേരുണ്ടാക്കുന്നു". ഈ വാക്കുകൾ രാഷ്ട്രീയ പ്രവർത്തകർ മറ്റുള്ളവർക്കുകൂടി ചീത്തപ്പേരുണ്ടാക്കുന്നുവെന്നതല്ല പ്രധാനകാര്യം. രാഷ്ട്രീയ പ്രവർത്തകരിൽ 90 ശതമാനം പേരും അഴിമതിക്കാരാണെന്നും വെറും പത്തുശതമാനം പേർ മാത്രമാണ് സത്യസന്ധരെന്നുമാണ് പ്രധാനമായും അദ്ദേഹം പറഞ്ഞത്.

ഇന്ത്യയിലെ രാഷ്ട്രീയക്കാരെ അദ്ദേഹം മനസ്സിൽ കണ്ടിരുന്നുവെങ്കിൽ അദ്ദേഹത്തിനു മാറ്റിപ്പറയേണ്ടിവരുമായിരുന്നു. മറ്റൊന്നുമല്ല, സത്യസന്ധരായ പത്തു ശതമാനം രാഷ്ട്രീയക്കാരെപ്പോലും ഇവിടെകണ്ടെത്താനാവില്ല. അഴിമതി ഒരു തെറ്റാണെന്ന് ഇന്ത്യാക്കാർ, പ്രത്യേകിച്ച് മലയാളി കരുതുന്നില്ല. കാരണം അത് അവരുടെ ജീവിതത്തിന്റെ ഭാഗമായികഴിഞ്ഞു. കൈക്കൂലി കൊടുക്കാതെ ഒന്നും നടക്കില്ല എന്ന സ്ഥിതി സംജാതമായതോടെ അതൊരു അംഗീകൃത സംവിധാനമായി ജനം അംഗീകരിച്ചിരിയ്ക്കുകയാണ്. ലോകത്തിൽ ഏറ്റവും കൂടുതൽ അഴിമതിയുള്ള ഏതാനും രാജ്യങ്ങളുടെ പട്ടികയിലാണ് ഇന്ത്യ സ്ഥാനം പിടിച്ചിരിക്കുന്നത്. കേരളത്തിൽ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ സജീവമാണെങ്കിലും ഇവിടുത്തെ അഴിമതി തടയാൻ കഴിഞ്ഞിട്ടില്ല; കഴിയുമെന്ന് പ്രതീക്ഷയുമില്ല.

റേഷൻകടയും സർക്കാർ ആശുപത്രിയും എന്തിന് മോർച്ചറിപോലും അഴിമതിയും കൈക്കൂലിയ്ക്കുമുള്ള വേദിയായിരിക്കുന്നു. സർക്കാരിന്റെ ജനക്ഷേമകരമായ പ്രവർത്തനങ്ങൾപോലും സാധാരണക്കാരിലെത്താൻ നമ്മുടെ നാട്ടിലെ കൊടിയ അഴിമതി തടസ്സം സൃഷ്ടിക്കുകയാണ്. പാർലമെന്റിൽ വിഷയം അവതരിപ്പിക്കുന്നതിന് എം.പി.മാർ കൈക്കൂലി വാങ്ങുന്നതിന്റെ ദൃശ്യങ്ങൾ പോലും ചാനലുകളിൽ പ്രത്യക്ഷപ്പെട്ടുതുടങ്ങി. ജനാധിപത്യ രാഷ്ട്രമായ ഇന്ത്യയിൽ രാഷ്ട്രീയ പാർട്ടികൾക്കും നേതാക്കൾക്കും വലിയ സ്ഥാനമാണുള്ളത്. ഭരണം നിർവ്വഹിക്കുന്നവർക്ക് എതിരില്ലെങ്കിൽ ഉദ്യോഗസ്ഥർക്ക് എത്ര വലിയ അഴിമതി വേണമെങ്കിലും നടത്താവുന്ന സ്ഥിതിയാണുള്ളത്.

രാജ്യത്തെ അഴമിതി തടയാൻ രാഷ്ട്രീയ നേതൃത്വം മുൻകൈ എടുക്കണം.പക്ഷെ 90 ശതമാനം രാഷ്ട്രീയക്കാരും അഴിമതിക്കാരണെങ്കിൽ ആർക്കാണ് അഴിമതിയ്ക്കെതിരെ യുദ്ധം പ്രഖ്യാപിയ്ക്കാനാവുക? ഇന്ത്യയിൽ സംഭവിക്കുന്നത് ഇതുതന്നെയാണ്. പൊതു സ്ഥാപനങ്ങളെ സ്വാർത്ഥതാല്പര്യങ്ങൾക്കായി ഉപയോഗിക്കുന്ന കപട രാഷ്ട്രീയക്കാരെ നിലയ്ക്കുനിർത്താൻ മാറി മാറി വരുന്ന ഭരണകൂടങ്ങൾക്ക് കഴിയുന്നില്ല. ഓരോ മന്ത്രിസഭയും പുറത്താകുന്നതോടെ പഴയ മന്ത്രിസഭയിലെ അംഗങ്ങൾ അഴിമതിയുടെ പേരിൽ കോടതി വരാന്തകളിൽ ഊഴം കാത്തു നിൽക്കുന്നു. അഞ്ചുകൊല്ലം കഴിയുമ്പോൾ ആ സ്ഥാനത്ത് പുതിയ രാഷ്ട്രീയക്കാർ വരുമെന്നുമാത്രം.

അഴിമതിക്കേസ്സുകളിൽ പിടിയ്ക്കപ്പെടുന്ന രാഷ്ട്രീയ നേതാക്കളും ഉദ്യോഗസ്ഥരുമൊക്കെ ഏതാനും ദിവസങ്ങൾ വാർത്തകളിൽ നിറഞ്ഞു നിന്നേക്കാം. പിന്നീടൊന്നും സംഭവിയ്ക്കുന്നില്ല. അഴിമതിക്കാരെന്നു ജനം തിരിച്ചറിയുന്നവരെ രക്ഷിക്കാൻ അടുത്ത നിമിഷം തന്നെ രാഷ്ട്രീയക്കാർ രംഗത്തെത്തുന്നു. രാജ്യത്തെ കുപ്രസിദ്ധമായ പല അഴിമതിക്കേസ്സുകളും പതിറ്റാണ്ടുകൾ കോടതികളിൽ വിചാരണയ്ക്കു വിധേയമായിട്ടും വിധി വരുന്നില്ല. വിധി പ്രസ്താവിച്ചാലും ആർക്കും കാര്യമായ ശിക്ഷ ഒന്നും ലഭിയ്ക്കുന്നില്ല.

പാർലമെന്റിലും നിയമസഭകളിലും മാത്രമല്ല പഞ്ചായത്തുതലത്തിലും അഴിമതി എന്ന വിഷസർപ്പം ജനങ്ങളെചുറ്റിവരിയുകയാണ്. ത്രിതല പഞ്ചായത്തുകളിൽ പാർട്ടിയുടെയോ മതത്തിന്റെയോ ജാതിയുടെയോ ഒന്നും അതിരുകളില്ലാതെ അഴിമതിക്കാരായ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും കൈകോർക്കുകയാണ്. ഇവരുടെ അവിശുദ്ധ കൂട്ടുകെട്ട് തടയാൻ പോയിട്ട് അതിനെതിരെ ശബ്ദിക്കാൻ പോലും ആർക്കുമാകില്ല. രാഷ്ട്രീയ പാർട്ടികളുടെ പ്രാദേശിക നേതാക്കന്മാർക്കുപോലും സാമ്പത്തിക വാഗ്ദാനങ്ങൾ നല്കാതെ കാര്യം നടക്കുകയില്ല എന്ന അവസ്ഥയാണ്. തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന പൊതു പ്രവർത്തകരുടെ സ്വത്തുവിവരം പ്രഖ്യാപിയ്ക്കണമെന്നാണ് വകുപ്പെങ്കിലും സത്യസന്ധത തൊട്ടുതീണ്ടിയിട്ടില്ലാത്ത കണക്കുകളാണ് പൊതുജനത്തിന്റെ അറിവിലേയ്ക്കായി ഇവർ പ്രസിദ്ധപ്പെടുത്തുന്നത്. പലരുടെയും സാമ്പത്തിക സ്ഥിതികണ്ടാൽ ഒരു

(ശേഷം..........പേജ് 5)

# വാർത്തകൾ

## പാമ്പാക്കുട സമ്മേളനം

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയ്ക്ക് ലഭിക്കേണ്ട അവകാശങ്ങൾ അക്രമത്തിലൂടെയും അവഗണനയിലുടെയും ഇല്ലാതാക്കാമെന്ന് കരുതേണ്ടെന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവ പറഞ്ഞു.

കണ്ടനാട് ഈസ്റ്റ് – വെസ്റ്റ് ഭദ്രാസന കുടുംബ സംഗമം പാമ്പാക്കുട എം.ടി.എം. ഹയർ സെക്കന്ററി സ്കൂൾ മൈതാനത്തിൽ വെച്ച് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സഭയ്ക്കു ന്യായമായി ലഭിക്കേണ്ട അവകാശങ്ങൾ ലഭിക്കണം. അത് അവഗണിക്കുന്ന ഭരണകൂടത്തെ അംഗീകരിക്കാനാവില്ല. അവഗണനക്കെതിരെ മുന്നറിയിപ്പ് നല്കുന്നതിനുള്ള അവസരങ്ങൾ പാഴാക്കരുതെന്നും പരിശുദ്ധ ബാവാ കൂട്ടിച്ചേർത്തു.

ഇനിയും പീഡനങ്ങൾ ഏൽക്കേണ്ടി വന്നാലും തളരില്ല എന്ന് അറിയേണ്ടവർ അറിയണം. സഭാവിശ്വാസിയായി എന്ന കാരണത്താൽ ഒറ്റപ്പെടുത്തലും പീഡനവും അനുഭവിക്കുന്നവർക്ക് ഊർജവും ധൈര്യവും പകരുന്നതിനാണ് കുടുംബസംഗമം സംഘടിപ്പിച്ചത്. ന്യായമായി ലഭിക്കേണ്ട അവകാശങ്ങൾ പോലും നിഷേധിക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. നീതിക്കുവേണ്ടി വിശപ്പും പീഡനവും അനുഭവിക്കുന്ന ജനത എന്ന വിശേഷണം സഭാംഗങ്ങൾക്ക് ഏറ്റവും യോജിച്ച സമയമാണിത്. സഭാ വിശ്വാസികൾ ബുദ്ധിമാന്ദ്യം സംഭവിച്ചവരാണെന്നാണ് ഭരണകൂടം ധരിച്ചിരിക്കുന്നത്. ഇതിനു തിരിച്ചടി നല്കാൻ കഴിയുന്ന സാധ്യതകൾ ഫലപ്രദമായി വിനിയോഗിക്കണം.

കോലഞ്ചേരി പള്ളി തർക്കത്തിൽ വ്യക്തമായ കോടതി വിധി ഉണ്ടായിട്ടും കാപട്യം നിറഞ്ഞ സമീപനമാണ് സ്വീകരിച്ചത്. സഭയ്ക്ക് അർഹതപ്പെട്ട അവകാശങ്ങൾ ലഭിക്കാതെ ഭരണകൂടത്തെ സഹായിക്കാനാവില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

പരി. എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറിയും കണ്ടനാട് വെസ്റ്റ് ഭദ്രാസനാധിപനുമായ ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ, കണ്ടനാട് ഈസ്റ്റ് ഭദ്രാസനാധിപൻ ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ, കൊച്ചി ഭദ്രാസനാധിപൻ യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ, വൈദിക ട്രസ്റ്റി ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്, അത്മായ ട്രസ്റ്റി എം. ജോർജ്ജ് മുത്തൂറ്റ്, അസോസിയേഷൻ സെക്രട്ടറി ഡോ. ജോർജ്ജ് ജോസഫ്, സഭാ വർക്കിംഗ് കമ്മിറ്റി അംഗം ഫാ. ഏലിയാസ് ചെറുകാട്, ഫാ. ജേക്കബ് കുര്യൻ, ഫാ. ഏബ്രഹാം കാരമേൽ എന്നിവർ പ്രസംഗിച്ചു.

## ഭദ്രാസന ദിനാഘോഷവും കുടുംബ സംഗമവും

കണ്ടനാട് വെസ്റ്റ് ഭദ്രാസന ദിനാഘോഷം കുടുംബസംഗമമായി 2012 ഫെബ്രുവരി 11 ശനിയാഴ്ച മാർ ഔഗേൻ നഗറിൽ (പിറവം സെന്റ് ജോസഫ്സ് ഹയർ സെക്കന്ററി സ്കൂൾ മൈതാനം) നടത്തപ്പെടുന്നു. വിവിധ ഇടവകകളിൽ നിന്നുമുള്ള ഭക്ഷണ സ്റ്റാളുകൾ, കായിക മത്സരങ്ങൾ, കലാമേളകൾ, പൊതുസമ്മേളനം എന്നിവയാണ് പരിപാടികൾ. ഭദ്രാസന ദിനാഘോഷത്തിന്റെ മുന്നോടിയായി 10–ാം തീയതി വൈകുന്നേരം 5 മണിക്ക് മുളക്കുളം കർമ്മേൽകുന്ന് സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിയിൽ നിന്നും ഘോഷയാത്രയായി കൊണ്ടുവരുന്ന കൊടിമരത്തിൽ, മണ്ണൂക്കുന്ന് സെന്റ് മേരീസ് കത്തീഡ്രലിൽനിന്നു കൊണ്ടുവരുന്ന പതാക, സമ്മേളന നഗരിയിൽ ഭദ്രാസന മെത്രാപ്പോലീത്ത അഭി. ഡോ. മാത്യൂസ് മാർ സേവേറിയോസ് തിരുമേനി ഉയർത്തുന്നു. 11–ാം തീയതി നടക്കുന്ന സമ്മേളനം പരി. ബസേലിയോസ് മാർത്തോമ പൗലോസ് ദ്വിതിയൻ കാതോലിക്കാ ബാവ ഉദ്ഘാടനം ചെയ്യുന്നു. യോഗത്തിൽ അഭി. ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്ത, അഭി. യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്താ, റവ. ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്, ഡോ. ജോർജ്ജ് ജോസഫ് എന്നിവർ പങ്കെടുക്കുന്ന സമ്മേളനത്തിൽ ചലച്ചിത്ര നടൻ ശ്രീ. ജഗതി ശ്രീകുമാർ ഫ്രട്ടേണിറ്റി അവാർഡ് ശ്രീ. കുര്യൻ ജേക്കബ്ബിന് നല്കുന്നു.

# കണ്ടനാട് (ഈസ്റ്റ് & വെസ്റ്റ്) ഭദ്രാസന കുടുംബസംഗമം
## പാമ്പാക്കുട - 2011 ഡിസംബർ 11 ഞായർ




















The Official Organ of Kandanad West Diocese of Malankara Orthodox Syrian Church
Published by Rev. Fr. Dr. O.P. Varghese, Mar Pachomios Mount, Meempara, Puthencruz, Ernakulam - 682 308
Chief Editor: Rev. Fr. Jose Thomas Poovathumkal, Printed at Printa Multicolor Offset Press, Kolenchery